ലക്കം 4 പുസ്തകം 15

2019 നവംബർ


# അക്ഷരകൈരളി

## നവ കേരളത്തിലേക്കുള്ള ജനകീയ വഴികൾ

കേരളം

അഭിമാനപൂരിതം





സംസ്ഥാന സാക്ഷരതാ മിഷന്
പുതിയ ആസ്ഥാനമന്ദിരം

ലക്കം 4 പുസ്തകം 15
നവംബർ 2019

# അക്ഷരകൈരളി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
ടിസി നമ്പർ 27/1461 കമ്മട്ടം ലെയ്ൻ, കോൺവെന്റ് റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം-35
Phone – 0471-2472253, 2472254 Fax – 0471-2462252
E-mail –aksharakairali2017@gmail.com,
stateliteracymission@gmail.com
website: www.literacymissionkerala.org

**കവിത**
മലയാളം
**പ്രഭാവർമ്മ** 06

**കഥ**
നൈസർഗികതയുടെ
ആരാധകൻ
**അനാർക്കലി** 26

**കവിത**
ആത്മാവിനെ പിടിക്കുന്നവർ
**സൂസൻ ജോഷി** 31

**അനുഭവക്കുറിപ്പ്**
അമ്പതാം വയസ്സിൽ
ക്ലാസ്മുറിയിലേക്ക്
**പത്മിനി. എൻ** 32

**പുസ്തകപരിചയം**
കേരളം മലയാളികളുടെ
മാതൃഭൂമി
**വി.മാധവൻപിള്ള** 36


**യാത്ര**
മറക്കാനാവാത്ത
യാത്രാനുഭവങ്ങൾ
**എസ്. മുഹമ്മദ് റാഫി** 47

**ലേഖനം**
കേരളം എന്ന
പേർ കേട്ടാൽ...
**ഡോ. കാവുമ്പായി ബാലകൃഷ്ണൻ**



08

**ലേഖനം**
കേരള വികസനത്തിന്റെ
ജനകീയ വഴികൾ
**ടി. ഗോപകുമാർ**



12

**റിപ്പോർട്ട്**



18

2019 ലെ നൊബേൽ
പുരസ്കാരങ്ങൾ
**സൗമ്യ എസ്**

**അതിജീവനം**



22

ധന്യരവി -
ആത്മവിശ്വാസ
ത്തിന്റെ ആൾരൂപം
**അനൂപ് ചാലിശ്ശേരി**

**സിനിമ**



44

ജല്ലിക്കെട്ട് എന്ന
ലിജോ മാജിക്ക്
**എൻ.പി.മുരളീകൃഷ്ണൻ**

എഡിറ്റർ **ഡോ.പി.എസ്.ശ്രീകല**
പ്രിന്റിങ് & അഡ്മിനിസ്ട്രേഷൻ **ഡോ.ജെ.വിജയമ്മ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസിസ്റ്റന്റ് എഡിറ്റർ **ഷൈമി.ഇ.പി**
ഡിടിപി & ലേഔട്ട് **കളർ ട്രാക്ക്**
വര **കബിത മുഖോപാധ്യായ**

പത്രാധിപസമിതി
**ഡോ.കാവുമ്പായി ബാലകൃഷ്ണൻ**
**ടി.കെ.നാരായണദാസ്**
**ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ**
**വി.മാധവൻപിള്ള**
**ഡോ.എം.എ.അസ്കർ**

*അക്ഷരകൈരളിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതുമാത്രമാണ്.*

## പ്രതികരണങ്ങൾ




### മുഖത്തുനോക്കി സംസാരിക്കാനുള്ള ഇടങ്ങൾ വീണ്ടെടുക്കണം

ഹാസ്യനടനിൽ നിന്ന് സ്വഭാവവേഷങ്ങൾ ചെയ്യുന്ന നടനിലേക്കുള്ള ഇന്ദ്രൻസിന്റെ യാത്ര അമ്പരപ്പിക്കുന്നതായിരുന്നു. മുമ്പ് ഇന്ദ്രൻസിനെ സ്ക്രീനിൽ കാണുമ്പോഴേ ചിരിച്ചുതുടങ്ങുന്ന കാണികൾ പിന്നീടായപ്പോൾ അദ്ദേഹത്തിന്റെ വെള്ളിത്തിരയിലെ പകർന്നാട്ടങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കാൻ തുടങ്ങി. നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ അദ്ദേഹത്തെത്തേടിയെത്തി. സംസാരത്തിലെ മിതത്വവും സൂഷ്മതയും മറ്റഭിനേതാക്കളിൽ നിന്ന് അദ്ദേഹത്തെ വേറിട്ടുനിർത്തുന്നു. അക്ഷരകൈരളി ഓണപ്പതിപ്പിലെ കവർസ്റ്റോറിയായി ഇന്ദ്രൻസിനെ കണ്ടപ്പോൾ വലിയ സന്തോഷം തോന്നി.

ഉറച്ച നിലപാടുകളും അഭിപ്രായങ്ങളുമുള്ള ഇന്ദ്രൻസിനെ ശ്രദ്ധയോടെ വായിച്ചു. സമകാലിക വിഷയങ്ങൾ നിരീക്ഷിക്കുകയും അഭിപ്രായങ്ങൾ രൂപപ്പെടുത്തുകയും ആ അഭിപ്രായങ്ങൾ തുറന്നുപറയാൻ ധൈര്യം കാണിക്കുകയും ചെയ്ത ഇന്ദ്രൻസെന്ന നടനോടുള്ള ആരാധന വർധിച്ചതേയുള്ളൂ. ഇന്ദ്രൻസിനെ അടുത്തറിയാൻ സഹായിച്ച എൻ.പി. മുരളീകൃഷ്ണന് അഭിനന്ദനങ്ങൾ.

**അരുൺ അരവിന്ദ്**
ചങ്ങനാശ്ശേരി

### കഥയുടെ വൈശാഖ പൂർണിമ

വൈശാഖൻമാഷുടെ ‘റെയിൽവെ കഥകൾ’ ഗൃഹാതുരത്വം നിറഞ്ഞവയാണ്. അതിലെ അപരിചിതമായ നാടും മനുഷ്യരും വായനക്കാരുടെയും പ്രിയപ്പെട്ടവരാകുന്നു. ലളിതമായ ഭാഷയും വികാരനിർഭരമായ കൂടിച്ചേരലുകളും വായനക്കാരെ കഥാപരിസരത്ത് പിടിച്ചുനിർത്തുന്നു. ഓരോ മനുഷ്യരും കടന്നുപോകാൻ സാധ്യതയുള്ള ജീവിതസന്ദർഭങ്ങൾ പ്രിയഎഴുത്തുകാരന്റെ ‘അനുഭവകഥ’കളിൽ ധാരാളം കാണാം.

അക്ഷരകൈരളി ഓണപ്പതിപ്പിൽ പ്രസിദ്ധീകരിച്ച വൈശാഖൻ മാഷുമായുള്ള അഭിമുഖം വളരെ ഇഷ്ടത്തോടെ വായിച്ചു. സ്വാനുഭവങ്ങളാണ് പല കഥകളായും പരിണമിക്കുന്നതെന്ന് എഴുത്തുകാരൻ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. കഥയെഴുത്തിന്റെ അമ്പത്തിയഞ്ചു വർഷങ്ങൾ പിന്നിട്ട അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും ഇനിയും മനോഹരങ്ങളായ കഥകൾ പിറവിയെടുക്കട്ടെ എന്നാശംസിക്കുന്നു.

**നിമിഷ രവി**
കാര്യവട്ടം

### എഴുത്തിന്റെ വസന്തം

അക്ഷരകൈരളി ഓണപ്പതിപ്പ് വേറിട്ട ഒരനുഭവമായി. പ്രശസ്ത എഴുത്തുകാരുടെ കഥകളും കവിതകളും അനുഭവക്കുറിപ്പുകളുമായി വായിക്കാൻ ഒരുപാടുണ്ടായിരുന്നു. സൂക്ഷിച്ചുവയ്ക്കാവുന്ന ഒരു ലക്കം സമ്മാനിച്ച അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**ഗൗരി നന്ദ**
പള്ളിച്ചൽ



## എഡിറ്റോറിയൽ



### നവോത്ഥാനത്തിൽ നിന്ന് നവകേരളത്തിലേക്കുള്ള യാത്ര

**ഭാഷാടിസ്ഥാനത്തിലുള്ള** സംസ്ഥാനരൂപീകരണത്തിന്റെ ഭാഗമായാണ് 1956 നവംബർ ഒന്നിന് ഐക്യകേരളം നിലവിൽ വന്നത്. തിരുവിതാംകൂർ-കൊച്ചി-മലബാർ എന്നിങ്ങനെ വിഭജിതമായിരുന്ന കേരളദേശത്തെ ഏകോപിപ്പിച്ച് ഒരു സംസ്ഥാനം രൂപീകരിക്കുകയായിരുന്നു. രാജ്യത്ത് അധികാരം നിലനിർത്താൻ ബ്രിട്ടീഷുകാർ പ്രയോഗിച്ച വിവിധ ഭിന്നിപ്പിക്കൽ തന്ത്രങ്ങളിലൊന്ന് ഭാഷയെ ഉപയോഗിച്ചുള്ളതായിരുന്നു. അതേ ഭാഷയെ ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിക്കുന്നതിനുള്ള സമരത്തിൽ ആയുധമാക്കുകയായിരുന്നു ഇന്ത്യൻ ജനത. അശാസ്ത്രീയമായ ബംഗാൾ വിഭജനത്തെ ജനങ്ങൾ പരാജയപ്പെടുത്തിയത് ഭാഷയിൽ ഊന്നിനിന്നുകൊണ്ടാണ്.

രാജ്യം വിദേശാധിപത്യത്തിൽ നിന്ന് മോചിതമാകുകയും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനരൂപീകരണം നടക്കുകയും ചെയ്തുവെങ്കിലും മാതൃഭാഷ സംബന്ധിച്ച് ബ്രിട്ടീഷുകാർ നിർമിച്ചെടുത്ത അപകർഷതാബോധംപേറി ജീവിക്കുന്ന ജനതയാണ് മലയാളികൾ. സ്വന്തം ഭാഷയേക്കാൾ മികച്ചത് ഇംഗ്ലീഷ് ആണെന്ന മിഥ്യാധാരണ ഇവിടെ അടിയുറച്ചിരിക്കുന്നു. അതിനനുസൃതമായ വിദ്യാഭ്യാസസമ്പ്രദായം തേടുകയാണ് കേരളീയർ. ഇത് ഇംഗ്ലീഷിന് അളവറ്റ പ്രാധാന്യം നൽകുന്ന സ്ഥിതിയിൽ എത്തിച്ചിരിക്കുന്നു.

നാടിന്റെ പൊതുവികസനവും ഭാഷയും തമ്മിലുള്ള ബന്ധം തിരിച്ചറിയാതെ പോകുന്നു. നമ്മുടെ കേരളം ആർജിക്കുന്ന എല്ലാ നേട്ടങ്ങളും ഭാഷാഭിമാനത്തോടെ അനുഭവിക്കാൻ നമുക്ക് കഴിയണം. അതിന് പര്യാപ്തമാകുംവിധത്തിൽ വികസിതമായ ഭാഷയാണ് നമ്മുടേത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ രാജ്യത്തിനു മാതൃകയായി മാറിയ കേരളം, മലയാളികളുടെ മാതൃഭൂമിയാണ്. നവോത്ഥാനത്തിൽ നിന്ന് നവകേരളത്തിലേക്കുള്ള യാത്രയിൽ നമുക്ക് നവോത്ഥാനമൂല്യങ്ങൾക്കൊപ്പം മലയാളത്തെയും മുന്നിൽ നിർത്താം...

എല്ലാവർക്കും ഐക്യകേരളപ്പിറന്നാൾ ആശംസകൾ...

**ഡോ.പി.എസ്.ശ്രീകല**
എഡിറ്റർ & ഡയറക്ടർ



കവിത • പ്രഭാവർമ്മ

# മലയാളം

കൊഞ്ചും കിളിയുടെ മധുമൊഴി നാവിൻ
തുഞ്ച,ത്തൻപൊടു തഞ്ചുവതിന്നായ്
തുഞ്ചത്തെഴു,മാചാര്യപദം മമ
നെഞ്ചിൽ ചേർത്തു നമസ്കൃതി ചെയ്‌വേൻ!

കടുകാഞ്ഞിരമതു മധുരിതമാക്കും
മധുകണമായ്പ്പൊഴിയും നേർമൊഴിയെൻ
കരളിലെഴും കയ്പൊക്കെയകറ്റിയി-
നിപ്പു പകർന്നുതരുന്നതറിഞ്ഞേൻ!

തെളിമയൊടൊരു മണിദീപികയാ,യെൻ
മനമിതിലിന്നുണരും നന്മൊഴിയെൻ
കനവുകളിൽക്കിരണാവലി പെയ്തുനി-
റഞ്ഞു നിലാവാകുന്നതറിഞ്ഞേൻ!

ഒഴുകിടുമൊരു പൂഞ്ചോലയെ,യരിക-
ത്തണയുമൊരിപ്പൂത്തുമ്പിയെ,യകല-
ത്തഴകൊടു വിരിയും മഴവില്ലിനെ,യെ-
ന്നകമെ,യണയ്ക്കുവതെൻ മലയാളം!

അരിയൊരു പാൽച്ചുണ്ടിൻമണ,മിരവിൽ-
പ്പടരുമിലഞ്ഞിപ്പൂമണ,മേതോ
വയലിലുലാവും നെന്മണിയുടെ മണ-
മകമെ,യുണർത്തുവതെൻ മലയാളം!

കനലെരിയും കൊടുവേനലി,ലിളതാം
കുളിരുപകർന്നുവരും കാറ്റലയെ,
തഴുകിവരുന്നൊരു ചാറ്റൽമഴയെ-
ക്കരളിൽ നിറയ്ക്കുവതെൻ മലയാളം!

തൊടികളിലിടയിടെ വീണുമുറിഞ്ഞും
മുറിവുകളിൽച്ചുടുചോര പൊടിഞ്ഞും
തളരവെ,യോടിയണഞ്ഞു പുണർന്നെൻ
മിഴിയിണയൊപ്പുവതെൻ മലയാളം! ◀|

ലേഖനം • ഡോ. കാവുമ്പായി ബാലകൃഷ്ണൻ

# കേരളം എന്ന പേർ കേട്ടാൽ...

ആയിരത്തി തൊള്ളായിരത്തി അമ്പത്തിയാറ് നവംബർ ഒന്ന് കേരളീയർക്ക് ഒരു യുഗപ്പിറവിദിനമാണ്, മലയാളികളുടെ ദീർഘകാല സ്വപ്നത്തിന്റെ സാക്ഷാത്കാരദിനം. തിരുകൊച്ചിയും മലബാറും ഉൾപ്പെടുന്ന ഐക്യ കേരളം രൂപംകൊണ്ട ദിനം.

മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്നായി വേർതിരിഞ്ഞ് കിടക്കുകയും വ്യത്യസ്ത ഭരണസംവിധാനങ്ങൾ നിലനിൽക്കുകയും ചെയ്തിരുന്ന കാലത്തും മലയാളികൾ താമസിക്കുന്ന പ്രദേശത്തെ കേരളം എന്നുതന്നെയാണ് വിളിച്ചിരുന്നത്. കേരളം എന്ന വാക്കിന് നൂറ്റാണ്ടുകളുടെ പഴക്കവും ചരിത്രവുമുണ്ട്; ചുരുങ്ങിയത് 25 നൂറ്റാണ്ടിന്റെയെങ്കിലും. ഈ പേര് എങ്ങനെ രൂപപ്പെട്ടു എന്നതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. ചേരരാജാക്കന്മാരുടെ ഭരണത്തിലായിരുന്ന പ്രദേശം ചേരളവും പിന്നീട് കേരളവുമായി, കടലിനോട് ചേർന്നുകിടക്കുന്ന പ്രദേശം (ചേര് + അളം) എന്ന അർഥത്തിൽ ചേരളം, ക്രമേണ കേരളമായി, കേരങ്ങളുടെ നാടായതുകൊണ്ട് കേരളമായി (ഇപ്പോൾ ചിലർ തമാശയായി പറയാറുണ്ട് കേരളത്തിന് ഇന്ന് ചേരുന്ന പേര് റബ്ബറളം എന്നാണ് എന്ന്) എന്നൊക്കെ പണ്ഡിതന്മാർ തർക്കിക്കുന്നത് കേൾക്കാം. തർക്കങ്ങൾ തുടർന്നോട്ടെ.

കേരളത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചും പലവിധ വ്യാഖ്യാനങ്ങൾ ഉണ്ട്. ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും പിൻബലത്തോടെ നടത്തുന്ന വാദങ്ങളും വിശകലനങ്ങളും നടക്കുകതന്നെ വേണം; കെട്ടുകഥകളെ യാഥാർഥ്യമെന്ന നിലയ്ക്ക് അവതരിപ്പിക്കാതിരുന്നാൽ മതി.

ആദ്യകാല കേരളസങ്കൽപ്പത്തിൽ ആധുനികകേരളത്തിലുൾപ്പെട്ട ഭൂഭാഗങ്ങൾ മാത്രമല്ല ഉണ്ടായിരുന്നത്. കന്യാകുമാരി മുതൽ ഗോകർണം വരെ എന്നതായിരുന്നു സങ്കൽപ്പം. മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'കേരളം' എന്ന ഖണ്ഡകാവ്യം ആരംഭിക്കുന്നതുതന്നെ ഇപ്രകാരമാണ്.

"കന്യാകുമാരിക്ഷിതിയാദിയായ് ഗോ-
കർണാന്തമായ് തെക്കുവടക്കു നീളെ,
അന്യോന്യമംബാശിവർ നീട്ടവിട്ട
കണ്ണോട്ടമേറ്റുണ്ടൊരു നല്ല രാജ്യം."


മഹാകവി വള്ളത്തോൾ എഴുതിയത്,

"പച്ചയാംവിരിപ്പിട്ട സഹ്യനിൽ തലവെച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനംപൂണ്ടും
പള്ളികൊണ്ടീടുന്നു നിൻ പാർശ്വയുഗ്മത്തെക്കാത്തു-
കൊള്ളുന്നു കുമാരിയും ഗോകർണേശനുമമ്മേ."

എന്നാണല്ലോ. ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപപ്പെട്ടപ്പോൾ തിരുവനന്തപുരം ജില്ലയിലെ കൽക്കുളം, വിളവംകോട്, തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകൾ തമിഴ്നാടിനോട് (അന്ന് മദ്രാസ്) ചേർത്തു. ചെങ്കോട്ട താലൂക്കിലെ പശ്ചിമഘട്ടത്തിനു കിഴക്കുള്ള ഭാഗവും അങ്ങോട്ടുപോയി. തെക്കൻ കനറാ ജില്ലയുടെ ഭാഗമായിരുന്ന കാസറഗോഡ് കേരളത്തിന് ലഭിച്ചു. അങ്ങനെ കന്യാകുമാരി തമിഴ്നാട്ടിലും ഗോകർണം കർണാടകയിലുമായി.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കണം എന്നത് സ്വാതന്ത്ര്യസമരകാലത്തെ മുഖ്യ ആവശ്യങ്ങളിലൊന്നായിരുന്നു. എന്നാൽ 1895 മുതൽക്കേ ഒരു ഭാഷാസംസ്ഥാന പ്രസ്ഥാനം, ഒറീസ്സയിൽ, ഇന്നത്തെ ഒഡീഷ, ആരംഭിച്ചിരുന്നു. 1936-ൽ ഒറീസ്സാ പ്രവിശ്യ രൂപീകരിച്ചതോടെ, അവരുടെ പ്രവർത്തനം ലക്ഷ്യംനേടി. ബ്രിട്ടീഷിന്ത്യയിലെ ആദ്യത്തെ ഭാഷാസംസ്ഥാനമായിരുന്നു അത്. സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ രൂപീകരിച്ച ആദ്യസംസ്ഥാനം ആന്ധ്രയായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷവും ഭാഷാസംസ്ഥാനങ്ങൾ എന്ന തങ്ങളുടെ തന്നെ മുദ്രാവാക്യം യാഥാർഥ്യമാക്കാൻ ഭരണാധികാരികൾ താൽപ്പര്യം കാണിച്ചില്ല. അതിന്റെ ഫലമായി ആന്ധ്രയിൽ നടന്ന ശക്തമായ പ്രക്ഷോഭവും അതിന്റെ ഭാഗമായി പോറ്റി ശ്രീരാമലുവിന്റെ 56 ദിവസം നീണ്ടുനിന്ന നിരാഹാരസമരവും അതിനെത്തുടർന്നുള്ള അദ്ദേഹത്തിന്റെ





> ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കണം എന്നത് സ്വാതന്ത്ര്യസമരകാലത്തെ മുഖ്യ ആവശ്യങ്ങളിലൊന്നായിരുന്നു. സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ രൂപീകരിച്ച ആദ്യസംസ്ഥാനം ആന്ധ്രയായിരുന്നു.

രക്തസാക്ഷിത്വവും എല്ലാം ചേർന്നപ്പോൾ ആന്ധ്രാസംസ്ഥാനം രൂപീകരിക്കാൻ സർക്കാർ നിർബന്ധിതമാവുകയായിരുന്നു.

സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ ശുപാർശയനുസരിച്ച് പുനഃസംഘടനാനിയമം 1956 ആഗസ്റ്റ് 31 ന് പാസ്സാക്കി. ഭാഷയെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും പുനഃസംഘടിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രസ്തുത നിയമം 1956 നവംബർ ഒന്നിന് നിലവിൽ വന്നു. ഈ നിയമമനുസരിച്ചാണ് കേരളം രൂപീകരിച്ചത്. ഭരണപരമായ സൗകര്യത്തോടൊപ്പം തനത് സംസ്കാരങ്ങളുടെ വികാസത്തിനും ജനാധിപത്യപ്രക്രിയയുടെ ശക്തീകരണത്തിനും ഇപ്രകാരമുള്ള പുനഃസംഘടന സഹായിച്ചിട്ടുണ്ട്.



കേരളപ്പിറവി സമ്മാനിച്ച ആവേശാഹ്ലാദങ്ങളെ ബഹുകാതം ഉയർത്തുന്നതായിരുന്നു ഐക്യകേരളത്തിലെ ആദ്യമന്ത്രിസഭയുടെ അധികാരാരോഹണം. അനേകായിരം മലയാളികളുടെ ഏറെ നാളുകളിലെ പ്രവർത്തനങ്ങളുടെയും പോരാട്ടങ്ങളുടെയും പരിണതഫലവും പ്രതീക്ഷകളുടെയും പ്രത്യാശകളുടെയും തിളക്കമാർന്ന സാക്ഷാത്ക്കാരവുമായിരുന്നു ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള ആ മന്ത്രിസഭ. അനുഭവസമ്പന്നരും പരിണതപ്രജ്ഞരുമായ ജനകീയനേതാക്കന്മാർ ഉൾക്കൊള്ളുന്ന ആ മന്ത്രിസഭ ഒരു പുതിയ സമൂഹത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും എല്ലാമുള്ള സ്വപ്നങ്ങൾക്ക് വർണപ്പകിട്ടേകി. കേരളീയ സമൂഹത്തിന്റെ സമസ്തമേഖലകളിലും മാറ്റത്തിന്റെയും മുന്നേറ്റത്തിന്റെയും പാതയൊരുക്കാൻ ആ മന്ത്രിസഭയ്ക്ക് കഴിഞ്ഞു എന്നത് ചരിത്രസത്യമാണ്. ആ മന്ത്രിസഭ പടുത്തുണ്ടാക്കിയ ബലിഷ്ഠമായ അടിത്തറയിന്മേലാണ് ഇന്നത്തെ കേരളം പണിതുയർത്തിയിട്ടുള്ളത്. നിന്ദിതരും പീഡിതരും മർദ്ദിതരുമായ ജനസഞ്ചയത്തിന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെയും ഉന്നമനത്തിലൂടെയും കേരളചരിത്രം മാറ്റിയെഴുതപ്പെടും എന്ന തിരിച്ചറിവാണ് ആ മന്ത്രിസഭയെ അധികാരത്തിൽനിന്ന് പുറത്താക്കുന്നതിന് ജനവിരുദ്ധശക്തികളെ പ്രേരിപ്പിച്ചത്. എന്നാൽ പിന്നീടധികാരത്തിലേറിയവർക്കാർക്കും ഇ.എം.എസ് മന്ത്രിസഭ മുന്നോട്ടുവച്ച വികസനവീക്ഷണത്തിൽനിന്ന് പൂർണമായും പിന്മാറാൻ കഴിഞ്ഞില്ല.

കേരളപ്പിറവി സമ്മാനിച്ച ആവേശാഹ്ലാദങ്ങളെ ബഹുകാതം ഉയർത്തുന്നതായിരുന്നു ഐക്യകേരളത്തിലെ ആദ്യമന്ത്രിസഭയുടെ അധികാരാരോഹണം. കേരളീയസമൂഹത്തിന്റെ സമസ്തമേഖലകളിലും മാറ്റത്തിന്റെയും മുന്നേറ്റത്തിന്റെയും പാതയൊരുക്കാൻ ആ മന്ത്രിസഭയ്ക്ക് കഴിഞ്ഞു എന്നത് ചരിത്രസത്യമാണ്.

ജനജീവിതത്തിന്റെ സർവതലസ്പർശിയായ മുന്നേറ്റത്തിനാണ് പിൽക്കാലകേരളം സാക്ഷ്യം വഹിച്ചത്. 1951-ൽ 40.47 ശതമാനമായിരുന്ന സാക്ഷരതാനിരക്ക് 90-91 ഓടെ 90 ശതമാനം കടന്ന്, സമ്പൂർണ





സാക്ഷരസംസ്ഥാനമെന്ന പദവിക്ക് കേരളം അർഹമായി. 56-57 ൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം 27 ലക്ഷം ആയിരുന്നെങ്കിൽ 91-92 ആയപ്പോഴേക്കും 59 ലക്ഷമായി വർധിച്ചു. ആരോഗ്യമേഖലയിലും ഈ മാറ്റം കാണാം. സാമൂഹികക്ഷേമം ഉറപ്പുവരുത്തുന്നതിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ ബഹുദൂരം മുന്നേറി. സാമ്പത്തികവളർച്ച താരതമ്യേന കുറവായിട്ടും സാമൂഹികക്ഷേമവും ജീവിതഗുണതയും ഉറപ്പാക്കാൻ കഴിഞ്ഞുവെന്ന വസ്തുത ചൂണ്ടിക്കാട്ടി, ഇതൊരു കേരളവികസന മാതൃകയാണെന്ന് സാമൂഹികശാസ്ത്രജ്ഞന്മാർ പ്രഖ്യാപിച്ചു.

എന്നാൽ, നമ്മെ അസ്വസ്ഥരാക്കുന്ന, ലജ്ജിപ്പിക്കുന്ന, ദുഃഖിപ്പിക്കുന്ന പല സംഗതികളും ഇവിടെ നിലനിൽക്കുന്നു എന്ന കാര്യം വിസ്മരിക്കേണ്ടതില്ല. ഭാഷയോടും സംസ്കാരത്തോടുമുള്ള അവഗണനയാണ് പ്രധാനം. സ്കൂളുകളിൽ നിന്ന് മലയാളഭാഷയെ പുറംതള്ളുന്ന അവസ്ഥ ശക്തിപ്പെടുകയാണ്. “നശിച്ച മലയാളഭാഷ നിൻ നാവിൽ ചത്തുതുലയാറായില്ലെന്നോ” എന്നാക്രോശിക്കുന്ന രക്ഷിതാക്കളുടെ എണ്ണം വർധിക്കുകയാണ്.

“എത്ര വിദേശഭാഷാഭിജ്ഞനാകിലും
മർത്ത്യനുതൻ ഭാഷയൊന്നുകൊണ്ടേ,
ശക്തിയുണ്ടായ്‌വരൂ ശക്തിമത്താകിയ
ഹൃദികാരത്തെ വെളിപ്പെടുത്താൻ.
നേരോർത്താലിപ്പരഭാഷാ വ്യവഹാരം
ചോറുവിൽക്കുന്നിടത്തുണ്ണലത്രേ!
ചെമ്മേ സ്വഭാഷയിൽ സംസാരിക്കുന്നതാ-
ണമ്മ വിളമ്പിത്തരുന്ന ഭോജ്യം'' എന്ന് നമ്മൾക്കെപ്പോഴാണ് ബോധ്യമാവുക?

മലിനീകരണം, പരിസ്ഥിതിത്തകർച്ച, സാമൂഹികാസമത്വങ്ങൾ, ജീവിതശൈലീരോഗങ്ങൾ, ശാസ്ത്രബോധത്തിനും യുക്തിചിന്തയ്ക്കുമെതിരെയുയരുന്ന വെല്ലുവിളി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ - ഇങ്ങനെ സഗൗരവം ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യേണ്ട പ്രശ്നങ്ങൾ വേറെയുമുണ്ട്.

എങ്കിലും ഇന്ന് നമ്മുടെ അന്തരംഗത്തെ അഭിമാനംകൊണ്ടും ആശ്വാസംകൊണ്ടും പൂരിതമാക്കുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ട് എന്നത് നാം കാണണം. അധികാരവികേന്ദ്രീകരണം, സാർവത്രിക വിദ്യാഭ്യാസത്തിന്റെ വളർച്ച, പൊതുജനാരോഗ്യസംവിധാനത്തിന്റെ മികവ്, സ്ത്രീശാക്തീകരണം - ഇതൊക്കെ നമ്മുടെ പൊൻതൂവലുകളാണ്.

ഏറ്റവും പ്രധാനം ഇന്ത്യയുടെ മറ്റുഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിലനിൽക്കുന്ന ശാന്തിയും സാഹോദര്യവുമാണ്. വർഗീയതയുടെയും മതതീവ്രവാദത്തിന്റെയും ഏകാധിപത്യപ്രവണതയുടെയും ജനാധിപത്യവിരുദ്ധതയുടെയും കരിമേഘങ്ങളെ കേരളത്തിന്റെ അന്തരീക്ഷത്തിലേക്ക് പ്രവേശിക്കാനനുവദിക്കാതെ സാമൂഹികാവബോധത്തിന്റെ ഉത്തുംഗദുർഗങ്ങൾ പടുത്തുയർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആൾക്കൂട്ടക്കൊലപാതകങ്ങളും ദുരഭിമാനഹത്യകളും മതഭീകരവാദവുമെല്ലാം കേന്ദ്രഭരണാധികാരികളുടെ അനുഗ്രഹാശിസ്സുകളോടെ നിർബാധം അരങ്ങുവാഴുമ്പോൾ, ഭയംഭരിക്കുന്ന നാടായി ഇന്ത്യ മാറുമ്പോൾ, കേരളം അതിൽനിന്നൊക്കെ മാറിനിന്നുകൊണ്ട്, ഇന്ത്യയ്ക്ക് മാതൃകയാവുകയാണ്, വെളിച്ചം വിതറിക്കൊണ്ട് വഴികാട്ടുകയാണ്.

‘ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേനവാഴുന്ന’ നാടായി കേരളം തലയുയർത്തി നിൽക്കുകയാണ്.

1933 ലാണ് മഹാകവി വള്ളത്തോൾ ‘ചോരതിളയ്ക്കണം’ എന്ന കവിതയെഴുതിയത്. കാലവും ലോകവും ഏറെ മാറിക്കഴിഞ്ഞ ഇക്കാലത്തും നമുക്കതിലെ വരികൾ ഉറക്കെപ്പാടാം.


‘കേരളമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം.’ ◀|

ലേഖനം • ടി. ഗോപകുമാർ

# കേരള വികസനത്തിന്റെ ജനകീയ വഴികൾ

കേരളത്തെ സംബന്ധിച്ചിടത്തോളം പൊതുവെ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി നാടിന്റെ ആകെയുള്ള മുന്നോട്ടുപോക്കിനെ ഗൗരവമായി എടുക്കുന്ന ഒരു ജനവിഭാഗമാണുള്ളത്. അവരവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ ആകെ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വികസിപ്പിക്കുമ്പോഴും പരമാവധി സഹകരിക്കാവുന്ന മേഖലകളിൽ സഹകരിച്ചുകൊണ്ട് കേരള വികസന നടപടികൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു പൊതുപരിശ്രമം കാണാൻ കഴിയും. ഇതാകട്ടെ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഐക്യ കേരള രൂപീകരണവുമായി ബന്ധപ്പെട്ടുപോലും ഇത്തരത്തിൽ വിവിധ നിലപാടുകൾ ഉള്ളവർ ഒരുമിച്ചുനിന്ന ചരിത്രം

ക്രാന്തദർശികളും ഭാവനാശാലികളുമായ ഒരു നേതൃത്വം എല്ലാ മേഖലകളിലും കേരളത്തിനുണ്ടായിരുന്നു എന്ന വസ്തുത അഭിമാനകരമാണ്. സങ്കുചിത മത, ജാതി ചിന്തകളോ കക്ഷി രാഷ്ട്രീയ ചിന്തകളോ ഇനിയും നമ്മുടെ മുന്നോട്ടുപോക്കിനു തടസ്സമാകാൻ പാടില്ല. കേരളം നിലവിൽ വരുന്നതിനു മുമ്പുതന്നെ കേരളത്തിന്റെ വികസന പ്രശ്നങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്തിരുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും ഇവിടെയുണ്ടായിരുന്നു. 1956 ജൂണിൽ നടന്ന കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം കേരളത്തിന്റെ സമ്പൂർണ വികസനത്തിനായി ഇത്തരത്തിൽ ഒരു നിർദേശം മുന്നോട്ടുവച്ചിരുന്നു.





നമുക്ക് കാണാനാവും. ക്രാന്തദർശികളും ഭാവനാശാലികളുമായ ഒരു നേതൃത്വം എല്ലാ മേഖലകളിലും കേരളത്തിനുണ്ടായിരുന്നു എന്ന വസ്തുത അഭിമാനകരമാണ്. സങ്കുചിത മത, ജാതി ചിന്തകളോ കക്ഷി രാഷ്ട്രീയ ചിന്തകളോ ഇനിയും നമ്മുടെ മുന്നോട്ടുപോക്കിനു തടസ്സമാകാൻ പാടില്ല.

കേരളം നിലവിൽ വരുന്നതിനു മുമ്പുതന്നെ കേരളത്തിന്റെ വികസന പ്രശ്നങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്തിരുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും ഇവിടെയുണ്ടായിരുന്നു. 1956 ജൂണിൽ നടന്ന കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം കേരളത്തിന്റെ സമ്പൂർണ വികസനത്തിനായി ഇത്തരത്തിൽ ഒരു നിർദേശം മുന്നോട്ടുവച്ചിരുന്നു. ഏറെ പ്രധാനപ്പെട്ട ഇക്കാര്യങ്ങളിൽ വേണ്ടതായ യോജിപ്പ് രാഷ്ട്രീയ പാർട്ടികൾ തമ്മിലുണ്ടാകുന്ന സഖ്യത്തിന്റെ ഒത്തുതീർപ്പിൽ ഒതുങ്ങിനിൽക്കേണ്ട ഒന്നല്ലെന്നും ഒരു പുതിയ കേരളം പടുത്തുയർത്തുക എന്ന ജോലി മലയാളികൾ ആകെ ഏറ്റെടുത്തു നിറവേറ്റേണ്ട ഒന്നാണെന്നും ആ പ്രമേയം എല്ലാവരോടും ആവശ്യപ്പെട്ടു. ഐക്യകേരളം പിന്നീട് ഏറ്റെടുത്ത പല പ്രധാന ദൗത്യങ്ങളും ഇത്തരത്തിൽ ബഹുജനങ്ങളുടെയാകെ പങ്കാളിത്തത്തോടുകൂടിയ ജനകീയോത്സവങ്ങളായിരുന്നു എന്നുകാണാം.

ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടത് കേരളത്തിന്റെ സമ്പൂർണ സാക്ഷരതയ്ക്കായി നടന്ന ജനകീയ യജ്ഞമാണ്.

ശ്രീനാരായണ ഗുരുവും അയ്യൻകാളിയും പൊയ്കയിൽ യോഹന്നാനും വക്കം മൗലവിയും മറ്റും വിദ്യാഭ്യാസരംഗത്ത് കൊളുത്തിയ പന്തങ്ങൾ അക്ഷരകേരളം ഏറ്റുവാങ്ങുകയായിരുന്നു. അന്നത്തെ ഇടതുപക്ഷ മന്ത്രിസഭയ്ക്കായിരുന്നു പരിപാടിയുടെ മുഖ്യചുമതലയെങ്കിലും പ്രതിപക്ഷമടക്കം പ്രധാന രാഷ്ട്രീയ പാർട്ടികളാകെ ഈ യജ്ഞത്തിൽ പങ്കാളികളായി. വിവിധ ബഹുജനസംഘടനകളും സാമൂഹ്യസാംസ്കാരിക പ്രസ്ഥാനങ്ങളും കൈ മെയ് മറന്ന് രംഗത്തിറങ്ങി. ഒരുവർഷത്തെ കൂട്ടായ ശ്രമം കൊണ്ട് പഠിതാക്കളിൽ അത്ഭുതപൂർവമായ മാറ്റം ദൃശ്യമായി. കേരളം സമ്പൂർണ സാക്ഷരത നേടി. എഴുതാനും വായിക്കാനും പഠിച്ചപ്പോൾ ആ



ളുകളുടെ മനോഭാവത്തിലും പെരുമാറ്റത്തിലും വന്ന മാറ്റങ്ങളായിരുന്നു പ്രധാനം. ഇന്നലെവരെ തമ്മിലടിച്ചും വഴക്കിട്ടും കഴിഞ്ഞവർ സ്നേഹത്തോടെ ഒന്നിച്ചു ചേർന്നു. ശൂദ്രർക്ക് അക്ഷരം നിഷേധിക്കപ്പെട്ട ചരിത്രമാണ്  നമ്മുടേത്. സ്കൂളിന്റെ വാതിലിലൂടെ അകത്തുകയറാൻ കീഴ്ജാതിക്കാരെ അനുവദിച്ചിരുന്നില്ല. വഴി നടക്കാനും വസ്ത്രം ധരിക്കാനും എന്നതുപോലെ അക്ഷരം പഠിക്കാനും പോരാടേണ്ടിവന്നിരുന്നു. ഇത്തരം ചരിത്രപശ്ചാത്തലത്തിൽ വേണം സാക്ഷരതായജ്ഞം വിലയിരുത്താൻ.

അയിത്തം കൽപ്പിച്ച് മാറ്റിനിർത്തപ്പെട്ടവരിലേക്ക് അക്ഷരദീപവുംകൊണ്ട് സന്നദ്ധ പ്രവർത്തകർ കടന്നുചെല്ലുകയായിരുന്നു. അജ്ഞതയുടെ ഇരുട്ടിലായിരുന്ന സഹോദരങ്ങളെ ഉണർവിന്റെ പാതയിലേക്ക് വിളിച്ചുകൊണ്ടുവരികയായിരുന്നു. അക്ഷരപഠനത്തിന് പ്രായപരിധിയില്ലെന്ന വലിയ സന്ദേശം നൽകാൻ കേരളത്തിനായി. പഠിതാക്കൾക്ക് സാക്ഷരതാ ക്ലാസുകൾ രണ്ടാമത്തെ വീടായിരുന്നു. അവിടെ മനസ്സുതുറന്ന് കാര്യങ്ങൾ ചർച്ച ചെയ്തു. മതസൗഹാർദത്തിന്റെ സ്നേഹസ്പർശം അനുഭവിച്ചു. ജനശക്തിയെ കണ്ണുകെട്ടിയും തെറ്റിദ്ധരിപ്പിച്ചും മതവൈരം വിതച്ചിരുന്നവർക്കെതിരെ തമ്മിലിണങ്ങാനും കൈകോർക്കാനും അക്ഷരകേരളം സഹായിച്ചു. കേരളത്തിന്റെ സായാഹ്നങ്ങളും സന്ധ്യകളും ചുടുലമായ കാലമാണത്. ഒരു സംസ്ഥാനത്തിന്റെ സാമൂഹ്യസാംസ്കാരിക വികാസത്തിലെ ഐതിഹാസിക മുന്നേറ്റമായിരുന്നു സമ്പൂർണ സാക്ഷരതായജ്ഞം.

തുടർന്ന് 1994 ൽ ആദ്യ കേരള മുഖ്യമന്ത്രി ഇ.എം.എസിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കപ്പെട്ട അന്താരാഷ്ട്ര കേരള പഠന കോൺഗ്രസും ഇത്തരത്തിലുള്ള കൂട്ടായ ഒരു ചുവടുവയ്പ്പായിരുന്നു. പഠന കോൺഗ്രസ്സ് സംഘടിപ്പിച്ചത് എ.കെ.ജി പഠന ഗവേഷണകേന്ദ്രം ആയിരുന്നെങ്കിലും അതിൽ ഏതാണ്ട് ആയിരത്തിലധികം വിശിഷ്ട വ്യക്തികൾ ഒത്തുകൂടുകയും മൂന്നു ദിവസങ്ങളിലായി എഴുപത്തിമൂന്നോളം ചർച്ചാ സമ്മേളനങ്ങൾ നടക്കുകയും ചെയ്തു. കേരളം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാം എന്ന നിലയിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ പങ്കെടുത്തത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദഗ്ധരും രാജ്യത്തിനുള്ളിലെ പ്രഗത്ഭരും വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനകളിൽ പ്രവർത്തിക്കുന്നവരും ഒക്കെ ആയിരുന്നു. പരസ്പരം മത്സരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ അടക്കം ഒരു വേദിയിൽ എത്തി സൗഹാർദത്തോടെ കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന സമീപനം കേരളത്തിന് ഏറെ പ്രതീക്ഷ നൽകി.

ജനാധിപത്യപരമായ അധികാര വികേന്ദ്രീകരണം ലക്ഷ്യമാക്കി ഇന്ത്യൻ ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ നടപ്പാക്കാനുള്ള ശ്രമങ്ങളും കേരളത്തിൽ ഒരു ബഹുജനോത്സവമായാണ് ഏറ്റെടുക്കപ്പെട്ടത്. പ്രാദേശിക ഭരണകൂടങ്ങൾക്ക് ആസൂത്രണ നിർവഹണ പ്രക്രിയയിൽ അധികാരം നൽകുന്ന





ജനാധിപത്യപരമായ അധികാര വികേന്ദ്രീകരണം ഇന്ത്യയിലെ തന്നെ ആദ്യ അനുഭവമായിരുന്നു. അതാകട്ടെ വെറുതെ ഒരു തീരുമാനം കൊണ്ട് നടക്കുന്ന ഒന്നല്ലായിരുന്നു. വലിയൊരു വെല്ലുവിളിയായ ഈ പ്രതിസന്ധി പൂർണമായും ജനകീയ പങ്കാളിത്തത്തോടെയാണ് അന്ന് പരിഹരിച്ചത്.



ഈ ഭരണഘടനാഭേദഗതികളുടെ അന്ത:സത്ത പൂർണമായും ഉൾക്കൊണ്ടുകൊണ്ട് ഒമ്പതാം പഞ്ചവത്സര പദ്ധതി വികേന്ദ്രീകൃതാസൂത്രണത്തിലൂടെ നടപ്പാക്കാൻ കേരളത്തിൽ അന്നത്തെ ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ തീരുമാനിച്ചു. സംസ്ഥാന പദ്ധതിയുടെ 35 – 40 ശതമാനം പ്രാദേശിക പദ്ധതികളിലൂടെ നടപ്പാക്കാനുള്ള സുപ്രധാനമായ തീരുമാനമാണ് അന്ന് സ്വീകരിച്ചത്. ഇത് ഇന്ത്യയിലെ തന്നെ ആദ്യ അനുഭവമായിരുന്നു. അതാകട്ടെ വെറുതെ ഒരു തീരുമാനം കൊണ്ട് നടക്കുന്ന ഒന്നല്ലായിരുന്നു. വലിയൊരു വെല്ലുവിളിയായ ഈ പ്രതിസന്ധി പൂർണമായും ജനകീയ പങ്കാളിത്തത്തോടെയാണ് അന്ന് പരിഹരിച്ചത്. ഇത് ഇന്ത്യയിലെ തന്നെ ആദ്യ അനുഭവമായിരുന്നു. എല്ലാവരുടെയും പിന്തുണ ഉറപ്പുവരുത്തിക്കൊണ്ടും കൃത്യമായ ആസൂത്രണത്തോടെയുമാണ് അന്ന് ജനകീയാസൂത്രണ പദ്ധതി ഏറ്റെടുക്കപ്പെട്ടത്.

എല്ലാ പ്രധാന രാഷ്ട്രീയ പാർട്ടികളും മറ്റ് ബഹുജന പ്രസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും എന്തിന് പ്രാദേശിക ക്ലബ്ബുകളും ലൈബ്രറികളും പോലും ഏറെ താൽപ്പര്യത്തോടെ ഈ ക്യാമ്പയിൻ ഏറ്റെടുത്തു. അൽപ്പം സങ്കീർണമായ ഈ പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ആളുകളെയും ചേർത്ത് നടത്തി വലിയ വിജയം കൈവരിക്കാനായി. ഗ്രാമസഭയിൽ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് നേതൃത്വം കൊടുക്കുന്നതിനായി സന്നദ്ധ പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകി. ഗ്രാമസഭയിൽ വിവിധ വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞിരുന്ന ജനങ്ങൾ വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാര നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. പ്രാദേശിക വിഭവ സാധ്യതകളും വികസന പ്രശ്നങ്ങളും വിലയിരുത്തിക്കൊണ്ടുള്ള വികസന റിപ്പോർട്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭയിൽ നിന്നുള്ള നിർദേശങ്ങൾ കൂടി ചർച്ചചെയ്യുന്ന വികസന സെമിനാറിൽവെച്ച് പദ്ധതി നിർദേശങ്ങൾക്ക് രൂപം നൽകി. വികസനസെമിനാറിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധരട




ങ്ങുന്ന കർമ്മസമിതികൾ പദ്ധതി നിർദേശങ്ങൾ പ്രോജക്ടുകളായി എഴുതി തയ്യാറാക്കി.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സംസ്ഥാന പദ്ധതി വിഹിതത്തിന്റെയും മറ്റ് വിഭവസാധ്യതകളുടെയും അടിസ്ഥാനത്തിൽ പ്രോജക്റ്റുകളുടെ മുൻഗണന തീരുമാനിച്ച് ഭരണസമിതികൾ പദ്ധതി രേഖയ്ക്കു രൂപം നൽകി. ആസൂത്രണഘട്ടത്തിലെ ഈ വിവിധ ഘട്ടങ്ങൾ പോലെ നിർവഹണത്തിലും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ഗ്രാമസഭകളും നിർവഹണത്തിനായുള്ള ഗുണഭോക്തൃസമിതികളും പ്രോജക്ട് പരിശോധനയ്ക്കായുള്ള മോണിറ്ററിംഗ് സമിതികളും പോലെ നിർവഹണത്തിന്റെ ഭാഗമായും ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കുന്ന ഘട്ടങ്ങൾ സ്വീകരിക്കപ്പെട്ടു. ഇതാകട്ടെ ചെറിയ മുന്നേറ്റമായിരുന്നില്ല. ലഭ്യമാകുന്ന വിഭവങ്ങൾ മനസ്സിലാക്കി ആവശ്യങ്ങളുടെ മുൻഗണന ജനങ്ങൾ തന്നെ തീരുമാനിക്കുകയും അവരുടെ പങ്കാളിത്തത്തോടെ നിർവഹണം നടത്തുകയും ചെയ്യുന്ന ഉജ്വലമായ മാതൃകയായി അത് മാറി. നാടിന്റെയാകെ ആസൂത്രണ പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഏറ്റെടുക്കാനായത് വലിയ ആത്മവിശ്വാസമാണ് സമൂഹത്തിലെ സാധാരണക്കാർക്കും പാർശ്വവൽകൃതർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും നൽകിയത്.

> ലോകോത്തര മാതൃകകളായി മാറിയ സമ്പൂർണ സാക്ഷരതാപ്രവർത്തനവും പങ്കാളിത്ത വികസനത്തിന് പുതിയ ദിശാബോധം നൽകിയ ജനകീയാസൂത്രണം ഉൾപ്പെടെയുള്ള അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കുശേഷം ദീർഘകാല ഫലങ്ങൾ ഉളവാക്കാനും അടിസ്ഥാനപരമായി സാമൂഹികമാറ്റം യാഥാർഥ്യമാക്കാനുമായി ഒടുവിൽ ആരംഭിച്ച ശ്രമങ്ങളാണ് ഇന്ന് നാടൊരുപോലെ ഏറ്റെടുത്ത നാല് മിഷനുകൾ.

ജനകീയാസൂത്രണത്തിലൂടെ ലഭിച്ച വലിയ ആവേശം ഏറ്റെടുത്തുകൊണ്ടാണ് കേരളത്തിലെ സ്ത്രീജീവിതത്തെ മാറ്റിമറിച്ച കുടുംബശ്രീ പ്രസ്ഥാനം ഉദയം ചെയ്യുന്നത്. സമൂഹത്തിന് ലഭിച്ച പുതിയ വികസന കാഴചപ്പാടിന്റെ പ്രായോഗിക തുടർച്ചയായി കുടുംബശ്രീ വലിയതോതിൽ മുന്നേറി. കേവലമായ രാഷ്ട്രീയ, മത, ജാതി ചിന്തകളിൽ നിന്നുമാറി എല്ലാവരും ചേർന്ന് കെട്ടിപ്പടുത്ത ജനകീയ പ്രസ്ഥാനമായ കുടുംബശ്രീ ഇന്ത്യയിലും മറ്റ് ചില രാജ്യങ്ങളിലും കാണുന്നതുപോലെ വെറും സ്വയംസഹായ സംവിധാനം മാത്രമല്ല, സർക്കാരിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ദാരിദ്ര്യനിർമ്മാർജന പരിപാടികൾ ഏകോപിപ്പിക്കുന്ന ജനകീയ ഏജൻസി കൂടിയായി മാറി. അവകാശാധിഷ്ഠിത വികസന രാഷ്ട്രീയത്തിലൂടെ സ്ത്രീശാക്തീകരണത്തിന്റെ മുന്നണി കെട്ടിപ്പടുക്കാനും കുടുംബശ്രീക്ക് കഴിഞ്ഞു. ഗ്രാമസഭകളെ ശാക്തീകരിക്കുകയും അവയിലെ സ്ത്രീ പ്രാതിനിധ്യം വർധിപ്പിക്കുകയും തദ്ദേശ സ്വയംഭരണ പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുകയും ചെയ്യുന്ന വലിയ ഉത്തരവാദിത്വം കുടുംബശ്രീ നിർവഹിച്ചു.







ലോകോത്തര മാതൃകകളായി മാറിയ സമ്പൂർണ സാക്ഷരതാപ്രവർത്തനവും പങ്കാളിത്ത വികസനത്തിന് പുതിയ ദിശാബോധം നൽകിയ ജനകീയാസൂത്രണം ഉൾപ്പെടെയുള്ള അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കും ശേഷം ദീർഘകാല ഫലങ്ങൾ ഉളവാക്കാനും അടിസ്ഥാനപരമായി സാമൂഹികമാറ്റം യാഥാർഥ്യമാക്കാനുമായി ഒടുവിൽ ആരംഭിച്ച ശ്രമങ്ങളാണ് ഇന്ന് നാടൊരുപോലെ ഏറ്റെടുത്ത നാല് മിഷനുകൾ. കാർഷിക മേഖലയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കേണ്ടതായിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവർ, ആദിവാസി, ദളിത് വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കൊക്കെ സ്വൈര്യജീവിതവും തൊഴിലെടുത്ത് ജീവിക്കാനുള്ള സാഹചര്യവും വെള്ളവും വെളിച്ചവും ഉറപ്പുള്ള, അന്തസ്സുള്ള പാർപ്പിടങ്ങളും നൽകേണ്ടതായിട്ടുണ്ട്. ശുചിത്വവും മാലിന്യ സംസ്ക്കരണവും ഉയർത്തുന്ന പ്രശ്നങ്ങൾ ചെറുതല്ല. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിനിയോഗത്തിലൂടെയും ആധുനിക സംവിധാനങ്ങളിലൂടെയും നിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾക്ക് ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. ഇവയെല്ലാം പരിഗണിച്ചുകൊണ്ടാണ് മുൻഗണനാടിസ്ഥാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ആറ് മേഖലകളിലായി നാല് മിഷനുകളുടെ പ്രവർത്തനം ആരംഭിച്ചത്. വ്യാമോഹങ്ങൾ സൃഷ്ടിക്കാതെ സകല സാധ്യതകളും മനസ്സിലാക്കി ചിട്ടയായി രൂപപ്പെടുത്തിയവയാണിത്. സമയബന്ധിതമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികൾ ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ഒരു വികസനനയത്തിന്റെ ആവിഷ്ക്കാരം കൂടിയാണ്.

സർക്കാരിന്റെ ഫണ്ടുപയോഗിച്ച് സർക്കാർ സംവിധാനം നടപ്പാക്കുന്ന പദ്ധതികൾ എന്ന നിലയിൽ നിന്ന് ജനകീയമായ പങ്കാളിത്തത്തിലൂടെ നടപ്പാക്കപ്പെടുന്നവയാണ് നവകേരള മിഷനുകൾ. പ്രാദേശിക വിഭവ സമാഹരണത്തിനും കമ്പനികളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകളുടെ വിനിയോഗത്തിനും ഇവയിൽ അവസരമുണ്ട്. പൊതുസേവനങ്ങളുടെ മേന്മ വർധിപ്പിച്ച് ഭരണനിർവഹണം മെച്ചപ്പെടുത്തുന്നതിനും ഇത് വഴിയൊരുക്കും. ഒരു നല്ല തുടക്കത്തിന്റെ വിജയകരമായ തുടർച്ചയാണ് മിഷനുകൾ. കേവലം ഭരണ നടപടികളോ ആസൂത്രണ പ്രക്രിയകളോ കൊണ്ട് പരിഹരിക്കാവുന്നതല്ല ഈ പ്രശ്നങ്ങൾ. ജനങ്ങൾ പൂർണമനസ്സാൽ പങ്കാളികളാകുകയും സാമൂഹിക പ്രതിബദ്ധതയോടെ അവരുടെ കടമകൾ നിർവഹിക്കുകയും ചെയ്തുകൊണ്ട് മാത്രമേ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങൾ വിജയത്തിലെത്തിക്കാനാകൂ എന്നത് മലയാളി പലതവണ മനസ്സിലാക്കിയതാണ്.

എല്ലാ ഭേദങ്ങളും മാറ്റിവച്ച് ഒറ്റക്കെട്ടായി ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകാൻ കഴിയുക എന്നത് ഒരുപക്ഷേ, കേരളത്തിന്റെ മാത്രം പ്രത്യേകതയായിരിക്കും. ◀|

റിപ്പോർട്ട് • സൗമ്യ.എസ്

രസതന്ത്രം, സാഹിത്യം, സമാധാനം, ഭൗതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നീ മേഖലകളിൽ ലോകക്ഷേമത്തിനായി മഹത്തായ സംഭാവനകൾ നൽകിയവർക്ക് ലിംഗ, ജാതി, മത രാഷ്ട്രഭേദമന്യെ നൽകുന്ന വാർഷിക പുരസ്കാരമാണ് നൊബേൽ. ലോകത്തെ ഏറ്റവും ഉയർന്ന പുരസ്കാരമായി കണക്കാക്കപ്പെടുന്ന നൊബേൽ 1901 മുതൽ നൽകിവരുന്നു. വിവിധ മേഖലകളിലെ 14 പ്രഗത്ഭരെയാണ് 2019ലെ നൊബേലിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

# 2019 ലെ നൊബേൽ പുരസ്കാരങ്ങൾ

## ഭൗതികശാസ്ത്ര നൊബേൽ

ജ്യോതിശാസ്ത്രവുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ ഗവേഷണത്തിനും കണ്ടെത്തലുകൾക്കുമാണ് ഇത്തവണ പുരസ്കാരങ്ങൾ നൽകിയത്.

* ജയിംസ് പീബിൾസ് (പ്രിൻസ്ടൻ സർവകലാശാല, യു.എസ്.എ)

പ്രപഞ്ചത്തിന്റെ ഉൽപ്പത്തി പരിണാമങ്ങളെക്കുറിച്ചു പഠിക്കുന്ന പ്രപഞ്ചവിജ്ഞാനീയത്തിലെ (കോസ്മോളജി) സമഗ്രസംഭാവനയ്ക്കാണ് ജയിംസ് പീബിൾസിനു പുരസ്കാരം ലഭിക്കുന്നത്.

* മിഷേൽ മേയർ (ജനീവ സർവകലാശാല, സ്വിറ്റ്സർലാന്റ്, കേംബ്രിഡ്ജ് സർവകലാശാല, ബ്രിട്ടൻ)

* ദിദിയെ കിലോസ് (ജനീവ സർവകലാശാല, സ്വിറ്റ്സർലാന്റ്, കേംബ്രിഡ്ജ് സർവകലാശാല, ബ്രിട്ടൺ)

1995 ൽ സൗരയൂഥത്തിനുപുറത്ത് സൂര്യസമാനമായ ഒരു നക്ഷത്രത്തെ ചുറ്റുന്ന ഗ്രഹത്തെ (എക്സോപ്ലാനറ്റ്) കണ്ടെത്തിയതാണ് മിഷേൽ മേയറെയും ദിദിയെ കിലോസിനെയും നൊബേൽ പുരസ്കാരത്തിന് അർഹരാക്കിയത്. റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസ് ആണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

*ജയിംസ് പീബിൾസ്*




*മിഷേൽ മേയർ*



*ദിദിയെ കിലോസ്*










*ജോൺ.ബി.ഗുഡ്ഇനഫ്*



*എം.സ്റ്റാൻലി വിറ്റിങ്ഹാം*



*അകിര യോഷിനോ*

## രസതന്ത്ര നൊബേൽ

* ജോൺ.ബി.ഗുഡ്ഇനഫ് (യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ്, ഓസ്റ്റിൻ, ടിഎക്സ്, യു.എസ്.എ)

* എം.സ്റ്റാൻലി വിറ്റിങ്ഹാം (ബിംഗ്ഹാംമ്റ്റൺ യൂണിവേഴ്സിറ്റി, സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്ക്, എൻവൈ, യു.എസ്.എ)

* അകിര യോഷിനോ (അഷാഷി കാസ്സെ കോർപ്പറേഷൻ, ടോക്കിയോ, ജപ്പാൻ, മൈജോ യൂണിവേഴ്സിറ്റി, നഗോയ, ജപ്പാൻ)

ലിഥിയം അയോൺ ബാറ്ററി വികസിപ്പിച്ചതിനാണ് മൂവരും പുരസ്കാരത്തിന് അർഹരായത്. മൊബൈൽ ഫോൺ, ലാപ്ടോപ്പ്, വൈദ്യുതി വാഹനങ്ങൾ എന്നിവയിൽ ഉപയോഗിക്കുന്നത് ലിഥിയം അയോൺ ബാറ്ററികളാണ്. റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസ് ആണ് പുരസ്കാരം പ്രഖ്യാപിച്ചത്.


പീറ്റർ ജെ.റാറ്റ്ക്ലിഫ്


ഗ്രെഗ് എൽ. സെമൻസ


വില്യം ജി. കെയിലിൻ

## ഫിസിയോളജി-വൈദ്യശാസ്ത്ര നൊബേൽ

* വില്യം ജി. കെയിലിൻ (ഹാർവാർഡ് മെഡിക്കൽ സ്കൂൾ, ബോസ്റ്റൺ)

* പീറ്റർ ജെ.റാറ്റ്ക്ലിഫ് (യൂണിവേഴ്സിറ്റി ഓഫ് ഓക്സ്ഫോർഡ്, യു.കെ)

* ഗ്രെഗ് എൽ. സെമൻസ (ജോൺസ് ഹോപ്കിൻസ്, യൂണിവേഴ്സിറ്റി, ബാൻറ്റിമോർ, യു.എസ്.എ)

കോശങ്ങളിൽ ലഭ്യമായ ഓക്സിജൻ ലെവൽ എത്രയെന്ന് മനസ്സിലാക്കി പ്രതികരിക്കാനുള്ള സംവിധാനം അനാവരണം ചെയ്ത ഗവേഷണങ്ങൾക്കാണ് ഈ വർഷത്തെ ഫിസിയോളജി വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം. ഓക്സിജന്റെ അളവ് കുറയുന്നതു മനസ്സിലാക്കി പുതിയ രക്താണുക്കൾ നിർമിക്കുന്നതിന്റെ രഹസ്യങ്ങളാണ് ഇവർ കണ്ടെത്തിയത്. നൊബേൽ അസംബ്ലി, സ്റ്റോക്ഹോം കരോലിൻസ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

## സാഹിത്യ നൊബേൽ

ഓൾഗാ ടൊക്കാർസുക്ക്



പീറ്റർ ഹാൻസ്കെ



* പീറ്റർ ഹാൻസ്കെ (ആസ്ട്രിയൻ എഴുത്തുകാരൻ)

മനുഷ്യാനുഭവങ്ങളെ ദേശഭേദങ്ങൾക്കതീതമായി അനുഭവവേദ്യമാക്കുന്ന ഭാഷാനൈപുണ്യമാണ് പീറ്റർഹാൻസ്കെ എന്ന ആസ്ട്രിയൻ എഴുത്തുകാരനെ പുരസ്കാരത്തിന് അർഹനാക്കിയത്. 2018 വർഷത്തെ പുരസ്കാരവും ഈ വർഷമാണ് നൽകുന്നത്. പോളിഷ് എഴുത്തുകാരി ഓൾ ഗാ ടൊക്കാർസൂക്കിനാണ് പുരസ്കാരം. പുരസ്കാരം നൽകുന്ന സ്വീഡിഷ് അക്കാദമി ലൈംഗിക പീഡന ആരോപണങ്ങളിലും സാമ്പത്തിക തട്ടിപ്പിലും നിരവധി ആരോപണങ്ങൾ നേരിട്ടതിനാലാണ് കഴിഞ്ഞവർഷം അവാർഡ് നൽകാതെ പോയത്.




അബി അഹമ്മദ് അലി

## സമാധാനത്തിനുള്ള നൊബേൽ

* അബി അഹമ്മദ് അലി (പ്രധാനമന്ത്രി, എത്യോപ്യ)

രണ്ട് പതിറ്റാണ്ടായി അയൽരാജ്യമായ എറിത്രിയയുമായി നിലനിന്നിരുന്ന തർക്കം പരിഹരിക്കുന്നതിൽ നടത്തിയ ഇടപെടലാണ് അദ്ദേഹത്തെ പുരസ്കാരത്തിന് അർഹനാക്കിയത്. എറിത്രിയൻ പ്രസിഡന്റ് ശ്രമങ്ങളെ ഇരുകൈയുംനീട്ടി സ്വീകരിച്ചപ്പോൾ 20 വർഷത്തോളമായി നിലനിന്ന വൈരം സമാധാനകരാറിൽ ഒപ്പുവച്ചുകൊണ്ട് അവർ അവസാനിപ്പിച്ചു. നോർവീജിയൻ നൊബേൽ കമ്മിറ്റിയാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

## സാമ്പത്തികശാസ്ത്ര നൊബേൽ

* അഭിജിത് ബാനർജി (സാമ്പത്തിക ശാസ്ത്രജ്ഞൻ മസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി)

* എസ്തർ ദുഫ്ലെ (സാമ്പത്തിക ശാസ്ത്രജ്ഞ, മസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി)

* മൈക്കൽ ക്രെമർ (ഹാർവാർഡ് യൂണിവേഴ്സിറ്റി, കേംബ്രിഡ്ജ്, എം.എ, യു.എസ്.എ)

ആഗോളതലത്തിൽ ദാരിദ്ര്യനിർമാർജനത്തിനായി സ്വീകരിച്ച പുതിയ പരീക്ഷണ പദ്ധതികൾക്കാണ് പുരസ്കാരം. ഏറ്റവും വേഗത്തിൽ വളർച്ച കൈവരിക്കുന്ന വികസന സാമ്പത്തിക ശാസ്ത്രത്തിലെ പ്രവർത്തനങ്ങൾക്കാണ് ഇവർ മൂന്നുപേരും മുൻകൈ എടുത്തത്. ഇന്ത്യൻ വംശജനായ അഭിജിത് ബാനർജിയും എസ്തർ ദുഫ്ലെയും ദമ്പതികൾ ആണ്. റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസ് ആണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്.


മൈക്കൽ ക്രെമർ


അഭിജിത് ബാനർജിയും
എസ്തർ ദുഫ്ലെയും

**അതിജീവനം • അനൂപ് ചാലിശ്ശേരി**

# ധന്യരവി – ആത്മവിശ്വാസത്തിന്റെ ആൾരൂപം

പരിമിതികളെ മറികടക്കുന്നതാണ് വിപ്ലവം എങ്കിൽ ധന്യ ഒരു വിപ്ലവകാരിയാണ്. സ്വന്തം വീഴ്ചകളെ മാറ്റിനിർത്തി ഉയർന്നു പറക്കുന്ന ഫീനിക്സ് പക്ഷി. ജനിക്കുമ്പോൾ ഏതൊരു സാധാരണ കുട്ടിയെയും പോലെ ആയിരുന്നു അവളും. 23 വർഷങ്ങൾക്കു മുമ്പ് മകം നക്ഷത്രത്തിൽ മകൾ ജനിച്ചപ്പോൾ ബി.ഇ.എം. എല്ലിൽ ഉദ്യാഗസ്ഥനായിരുന്ന അച്ഛൻ രവിക്കും വീട്ടമ്മയായ അമ്മ നിർമലയ്ക്കും ആഹ്ലാദം അണപൊട്ടിയൊഴുകി. എന്നാൽ കുട്ടിയുടെ നിർത്താതെയുള്ള കരച്ചിലുകൾ ചില സൂചനകൾ ആയിരുന്നു. മറ്റേതൊരു കുട്ടിയേയും പോലെ വിശപ്പും ദാഹവുമായിരിക്കും എന്നാണ് അവരാദ്യം കരുതിയത്. 'എന്താണ് കാര്യമെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. മൂന്നാംമാസത്തിൽ കുറെ പരിശോധനകൾക്കുശേഷം ശരീരത്തിലെ എല്ലുകൾ പൊട്ടിപ്പോകുന്ന ഓസ്റ്റിയോ ജെനിസിസ് ഇംപെർഫക്റ്റ (ബ്രിട്ടിൽ ബോൺ) എന്ന അത്യപൂർവ രോഗമാണ് ഇതെന്ന് ഡോക്ടർമാർ വിധിയെഴുതി.'

ഏറെ കൊതിച്ചുണ്ടായ പൊന്നുമോൾ മാരകമായ രോഗത്തിന്റെ അടിമയാണെന്നറിഞ്ഞ ആ അച്ഛനും അമ്മയും തളർന്നില്ല. മകളെ ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള ഡോക്ടർമാരെയും കാണിച്ചു. ഒരു ഫലവും കണ്ടില്ല. വേദന ഇല്ലാതാക്കാൻ വേദനസംഹാരികൾ കഴിക്കുകയല്ലാതെ മറ്റൊരു വഴിയുമില്ലെന്ന് ഡോക്ടർമാർ വിധിച്ചു.

സ്വപ്നങ്ങളുടെ ഇഴമുറിയാത്ത പച്ചപ്പുകൾ തേടേണ്ട പ്രായത്തിൽ വിധിയുടെ പൊള്ളുന്ന വെയിൽ നാളങ്ങൾ ധന്യയെ ആഞ്ഞുകൊത്തിക്കൊണ്ടിരുന്നു.

ടീനേജ് പ്രായം എത്തുന്നതുവരെ ധന്യയുടെ ജീവിതം ദുരിതപൂർണമായിരുന്നു. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും എന്നുവേണ്ട ഒരു ദീർഘ നിശ്വാസമെടുക്കുമ്പോൾ പോലും ശരീരത്തിലെ എല്ലുകൾ പൊട്ടിപ്പോവുന്ന അവസ്ഥയായിരുന്നു ധന്യയുടേത്. കഠിനവേദന സഹിച്ച് ജീവിതം തള്ളിനീക്കിയ തന്റെ ശരീരത്തിൽ നാനൂറിലധികം പൊട്ടലുകൾ ഉണ്ടായിട്ടുണ്ടെന്ന് പറയുമ്പോൾ ധന്യയുടെ ശബ്ദം ഒരിക്കൽ പോലും ഇടറിയില്ല.

'ആത്മവിശ്വാസ'മാണ് അവളുടെ കൈമുതലെന്നു ധന്യയുടെ അമ്മ നിർമല പറയുന്നു. 'എനിക്കിങ്ങനെ വന്നല്ലോ' എന്ന് ഒരിക്കൽ പോലും അവൾ പറയുന്നത് കേട്ടിട്ടില്ലെന്ന് അമ്മ നിർമല.

ധന്യയുടെ വിദ്യാഭ്യാസകാലവും പ്രശ്നഭരിതമായിരുന്നു. സ്വയം ഒന്ന് അനങ്ങാൻപോലും കഴിയാത്ത കുട്ടിയെ സ്കൂളിൽ ചേർക്കാൻ ഒരു സ്കൂളുകാരും തയ്യാറായില്ല. അതുകൊണ്ടു വീട്ടിൽ തന്നെയായിരുന്നു പഠനം. ഇതിനായി അച്ഛനമ്മമാർ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി.

ധന്യയുടെ കൂട്ടുകാരെല്ലാം പല പ്രായത്തിലുമുള്ളവരാണെങ്കിലും ഏറെ കൂട്ട് ഉറ്റസുഹൃത്തായ കംപ്യൂട്ടറിനോടാണ്. നെറ്റ്‌വർക്കിങ്ങും ബ്രൗസിങ്ങുമായി ദിവസത്തിന്റെ കൂടുതൽ സമയവും കംപ്യൂട്ടറിന്റെ മുന്നിലാണ്. സോഫ്റ്റ്‌വെയർ എഞ്ചിനീയറായ ചേട്ടൻ രാജേഷിന്റെ മകൻ രണ്ടുവയസ്സുകാരൻ അദ്വിക്കാണ് മറ്റൊരു കൂട്ടുകാരൻ.



> സ്വപ്നങ്ങളുടെ ഇഴമുറിയാത്ത പച്ചപ്പുകൾ തേടേണ്ട പ്രായത്തിൽ വിധിയുടെ പൊള്ളുന്ന വെയിൽ നാളങ്ങൾ ധന്യയെ ആഞ്ഞുകൊത്തിക്കൊണ്ടിരുന്നു. ടീനേജ് പ്രായം എത്തുന്നതുവരെ ധന്യയുടെ ജീവിതം ദുരിതപൂർണമായിരുന്നു. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും എന്നുവേണ്ട ഒരു ദീർഘനിശ്വാസമെടുക്കുമ്പോൾ പോലും ശരീരത്തിലെ എല്ലുകൾ പൊട്ടിപ്പോവുന്ന അവസ്ഥ

### മാറ്റത്തിന്റെ സൈറൺ...

സോഷ്യൽ മീഡിയവഴി നിരന്തരമായുള്ള കൂട്ടുകെട്ടിലൂടെയാണ് ധന്യയുടെ ജീവിതം പുതിയ വഴിത്തിരിവിലെത്തിയത്.

കംപ്യൂട്ടറുമായുള്ള ചങ്ങാത്തത്തിനിടെയാണ് അമൃതവർഷിണി എന്ന സംഘടനയുമായി ബന്ധപ്പെടാൻ ധന്യയ്ക്ക് അവസരമൊരുങ്ങിയത്. ബിനു ദേവസ്സി എന്ന ബ്ലോഗറാണ് ഇതിന് നിമിത്തമായത്. ധന്യയുടേതുപോലെയുള്ള അസുഖത്തിനടിമയാണ് ബിനുവും. ബിനുവിലൂടെയാണ് അവർ അമൃതവർഷിണിയിലെ ലതാനായരെ പരിചയപ്പെടുന്നത്. ഇത് ധന്യയുടെ ജീവിതത്തിലെ വഴിത്തിരിവായി.

സോഷ്യൽ മീഡിയ വഴിയാണ് മലയാളം പാട്ടുകളെ സ്നേഹിക്കുന്ന ഓൺലൈൻ സംഘത്തെ പരിചയപ്പെടുന്നത്. അവിടെവച്ചാണു വയനാട്ടുകാരനായ ബിനു ദേവസ്യയുടെ കഥയറിയുന്നത്. ഇതേ രോഗം ബാധിച്ച ബിനുവിനെ സഹായിക്കുന്ന തിരുവനന്തപുരത്തെ ലതാനായരെ പരിചയപ്പെടുന്നതും അപ്പോഴാണ്. ബിനുവിന്റെ ശസ്ത്രക്രിയയ്ക്കുള്ള വഴിതേടുകയായിരുന്നു അന്നു ലതാ നായർ. 'ഞാനും ലതാന്റിയെ സഹായിക്കാനിറങ്ങി. കണ്ടിട്ടുപോലുമില്ലാത്ത ഞങ്ങൾ പരസ്പരം അടുത്തു. ഏറെ വൈകിയാണു ഞാനും ഇതേ വയ്യായ്ക ഉള്ള



യാളാണെന്നു ലതാന്റി അറിഞ്ഞത്'. അങ്ങനെ ലതാ നായരുടെ നേതൃത്വത്തിൽ ബ്രിട്ടിൽ ബോൺ ഡിസീസ് ബാധിച്ചവരെ കോർത്തിണക്കി രൂപവൽക്കരിച്ച കൂട്ടായ്മയാണ് അമൃതവർഷിണി. 'കേരളത്തിൽ ഇതേ രോഗമുള്ള നൂറോളം പേരെ ഞങ്ങൾ കണ്ടെത്തി. അമൃതവർഷിണിയുടെ ഓൺലൈൻ സംഘത്തിൽ എല്ലാവരും സജീവമാണിപ്പോൾ. വർഷത്തിലൊരിക്കൽ എല്ലാവരും ഒത്തുകൂടാൻ തുടങ്ങി. പലരും ഊർജസ്വലരായി മാറി.'

കേരളത്തിൽ ഇത്തരത്തിൽ എല്ലു പൊട്ടിപ്പോകുന്ന അസുഖം ബാധിച്ച 75 പേരാണത്രെ ഉള്ളത്. (കൃത്യം കണക്കിനെക്കുറിച്ച് പഠനം നടക്കുകയാണ്) ഇവരിൽ അമ്പതോളം പേർ അമൃതവർഷിണിയുടെ ഭാഗമാണ്. ഇവർക്കുവേണ്ടി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ ധന്യയും ഇതിന്റെ ഭാഗഭാക്കായി. ജീവിതം ഞൊടിയിടയിൽ മാറിമറിഞ്ഞതായി അവർ പറയുമ്പോൾ വാക്കുകൾക്കൊപ്പം ആത്മവിശ്വാസവും ആ കണ്ണുകളിൽ തിളക്കനക്ഷത്രങ്ങളായി.

തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അമൃതവർഷിണിയുടെ കീഴിലുള്ള കുട്ടികളിൽ ഭൂരിഭാഗം പേരും ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരാണ്. അവർക്ക് സഹായം എത്തിച്ചു കൊടുക്കുകയാണ് തന്റെ ജീവിതലക്ഷ്യം എന്ന് തിരിച്ചറിഞ്ഞിടത്ത് ധന്യയുടെ ജീവിതം മാറിമറിയുകയായിരുന്നു. പരസഹായമില്ലാതെ ചലിക്കാൻ പോലുമാകാത്ത ഒരു ഇരുപത്തിമൂന്നുകാരിയുടെ വാക്കുകളിൽ തുളുമ്പിയിരുന്നത് ആത്മവിശ്വാസം മാത്രമായിരുന്നു. ഇപ്പോൾ അമൃതവർഷിണിക്കായി മോട്ടിവേഷൻ ക്ലാസുകൾ, ചർച്ചകൾ, അതിനുവേണ്ടിയുള്ള യാത്രകൾ – അതെ, ധന്യയുടെ ജീവിതം തിരക്കിലാണിപ്പോൾ.

### പാട്ടുവഴിയോരത്ത്...

അമൃതവർഷിണി കഴിഞ്ഞാൽ ധന്യയുടെ മറ്റൊരു ഇഷ്ടം സിനിമാപ്പാട്ടുകളാണ്. പാട്ടുകളോടുള്ള താൽപ്പര്യം മൂലം മലയാള സിനിമാഗാനങ്ങളുടെ വരികൾ ലഭ്യമാക്കുന്ന മലയാളം സോങ്സ് ലിറിക്സ് ഡോട്ട് കോം എന്ന വെബ്സൈറ്റിന്റെ മോഡറേറ്ററുമായി. യേശുദാസും ചിത്രയുമാണ് ഇഷ്ടഗായകർ. ഇതിന്റെ പ്രവർത്തനത്തിനിടെ ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള നിരവധി പേരുമായി സൗഹൃദങ്ങൾ ഉണ്ടായി. ഈ സൗഹൃദങ്ങൾ തനിക്ക് ഊർജമേകാറുണ്ടെന്ന് അവർ പറഞ്ഞു. ഈ സൗഹൃദത്തിൽ ആറുവയസ്സുമുതൽ 65 വയസ്സുവരെയുള്ളവരുണ്ട്. ചർച്ചകൾ ആകാശത്തിനുകീഴിലുള്ള എല്ലാത്തിനെക്കുറിച്ചും നീളും. അമൃതവർഷിണിയുമായി ചേർന്നുള്ള പ്രവർത്തനത്തിനിടെ ധന്യ ആഭരണങ്ങൾ ഉണ്ടാക്കാനും ഒറിഗാമിയും പഠിച്ചു. ഇവയുടെ പ്രദർശനവും സംഘടിപ്പിച്ചു.

അമൃതവർഷിണി എന്ന സംഘടനയ്ക്കു കീഴിൽനിന്ന് 'നിങ്ങൾക്കും ആകാം കോടീശ്വരനി'ലും ധന്യയും സംഘവും പങ്കെടുത്തു. ആത്മവിശ്വാസം ഇനിയും ഉയർത്തി ജീവിതം കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്നാണ് ധന്യയുടെ ആഗ്രഹം.

'ആയിരം വർഷങ്ങൾക്കുശേഷം എന്റെ ബാങ്ക് അക്കൗണ്ടോ, എന്റെ മണിസൗധമോ, ഞാൻ ഉപയോഗിച്ചിരുന്ന കാറോ വിഷയമാകില്ല. പക്ഷേ, ഞാൻ മറ്റൊരാളുടെ ജീവിതത്തിൽ പ്രാധാന്യമുള്ള ആളായെങ്കിൽ ഈ ലോകം തന്നെ ഒരുപക്ഷെ മാറിമറിഞ്ഞേക്കും.'

ഈ ചിന്തകളാണ് ധന്യ രവിയെ അത്മവിശ്വാസത്തിന്റെ ആൾരൂപമാക്കുന്നത്.

### സ്വപ്നങ്ങളുടെ ആകാശങ്ങൾ...

ഓൺലൈൻ രംഗത്തു സജീവമായതോടെയാണു ധന്യ കണ്ടന്റ് റൈറ്റിംഗ് തുടങ്ങിയത്. ചെറിയ വരുമാനത്തിൽ തുടക്കം. ഡിജിറ്റൽ മാർക്കറ്റിംഗ്, ടാഗ്‌ലൈൻ എഴുത്ത്, ബ്ലോഗെഴുത്ത്, വീഡിയോ സ്ക്രിപ്റ്റ് രചന, ഡേറ്റാ എൻട്രി, ഓൺലൈൻ കോളം എഴുത്ത് തുടങ്ങി വിവിധ മേഖലകളിലായി പിന്നീട്. വെറുതെ ഇരിക്കരുത്, ചക്രക്കസേരയിൽ ഒതുങ്ങുകയുമരുത്. നമ്മൾ ചെയ്യുന്ന ജോലികൊണ്ടു മറ്റുള്ളവർക്ക് വലിയ സഹായം കിട്ടുമെങ്കിൽ വെറുതെയിരിക്കാനാവില്ലെന്ന് ധന്യ പറയുന്നു. ധന്യയുടെ ഈ നിലപാട് അമൃതവർഷിണിയിലുള്ളവർക്കു വലിയ ഊർജമാണ്. തീരെ വയ്യാത്തവരൊഴിച്ച് ബാക്കിയെല്ലാവരും സ്വന്തമായി ഓരോന്നു ചെയ്യുന്നു.

### യാത്രയുടെ കൂട്ടുകാരി


വയ്യാക്കുട്ടി എന്ന തോന്നൽ മാറ്റാൻ വേണ്ടിയാകും ചെറുപ്പം മുതലേ അച്ഛനും അമ്മയും എന്നെ ഒരുപാട് തവണ പുറത്തു കൊണ്ടുപോയിരുന്നു. അധികം ദൂരങ്ങളിലേക്കല്ലാതെ നടത്തിയ ഈ യാത്രകൾ എന്നിലെ ആത്മവിശ്വാസം വർധിപ്പിച്ചു. വയ്യാത്തവൾ എന്നു പറഞ്ഞ് അച്ഛനും അമ്മയും വീട്ടിലിരുത്തിയില്ല. കുഞ്ഞുങ്ങളെ തള്ളിക്കൊണ്ടു നടക്കുന്ന ബേബി ട്രാം, അല്ലെങ്കിൽ ചക്രക്കസേര... ഇതിലായിരുന്നു യാത്രകളൊക്കെയും.

ഇന്നിപ്പോൾ വിമാനത്തിൽ കയറി ആകാശയാത്ര പോലും കഴിഞ്ഞു നിൽക്കുന്ന ധന്യ ഒരുപാടുപേർക്കു നൽകുന്ന ആത്മവിശ്വാസം ചെറുതല്ല.

വെയിൽ പോലെ പൊള്ളുന്ന ജീവിത യാഥാർഥ്യങ്ങളെയും പിന്നിലാക്കി അതിരുകളില്ലാത്ത ആകാശത്തിലൂടെ ചിറകുകൾ മിനുക്കി കൂടുതൽ കരുത്തോടെ ഉയർന്നു പറക്കാൻ ഈ പെൺകുട്ടിക്ക് കഴിയുന്നുണ്ട്... അതുകൊണ്ടുതന്നെയാവാം ധന്യയെന്ന ഇവൾ മറ്റുള്ളവർക്ക് ആത്മവിശ്വാസത്തിന്റെ പാഠപുസ്തകമാകുന്നത്. ◀|










## ലോകസാക്ഷരതാദിനാഘോഷം കേരള സാക്ഷരതാമിഷന് അംഗീകാരം

കേന്ദ്ര സ്കൂൾ എഡ്യൂക്കേഷൻ വകുപ്പും ദേശീയ സാക്ഷരതാമിഷനും ചേർന്ന് സംഘടിപ്പിച്ച ലോക സാക്ഷരതാദിനാഘോഷ പരിപാടിയിൽ സാക്ഷരതാമിഷന് പ്രത്യേക ക്ഷണം. സെപ്റ്റംബർ 7 ന് പ്രവാസി ഭാരതീയ കേന്ദ്രയിൽ നടന്ന പരിപാടിയിൽ ഡയറക്ടർ ഡോ. പി എസ് ശ്രീകല കേരളത്തിലെ നവീന സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടികളെക്കുറിച്ച് അവതരണം നടത്തി. കേരളത്തെ മാത്രമാണ് അവതരണത്തിന് ക്ഷണിച്ചിരുന്നത്.

കേരളം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ രാജ്യം മുഴുവൻ നടപ്പാക്കുന്നത് പരിഗണിക്കും എന്ന് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം സെക്രട്ടറി റീന റേ അറിയിച്ചു.

2009ൽ സംസ്ഥാന സാക്ഷരതാമിഷന് കേന്ദ്രസഹായം നിർത്തലാക്കിയശേഷം ഇത് ആദ്യമായാണ് കേന്ദ്ര മാനവ വികസന മന്ത്രാലയത്തിൽനിന്ന് സാക്ഷരതാ തുടർവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കേരളത്തിന് ക്ഷണം ലഭിക്കുന്നത്. ◀|



# നൈസർഗികതയുടെ ആരാധകൻ

ഞാനൊരു ശരാശരിക്കാരിയാണ്. കാഴ്ചയിലും കാഴ്ചപ്പാടിലും പഠിപ്പിലുമെല്ലാം. ശരാശരിക്കു മുകളിൽ പോകാൻ ശ്രമിക്കാറുണ്ട്. പക്ഷേ, ഒരിക്കലും പോയില്ല. താഴെ വീണതുമില്ല. ശരാശരിയിൽ തങ്ങിനിന്നു. എന്റെ കാമുകൻ ചന്ദ്രമൗലി സുമുഖനായിരുന്നു. അതിനപ്പുറം സെക്സിയുമായിരുന്നു. എണ്ണകിനിയുന്ന തലമുടി, മെഴുമെഴുപ്പുള്ള മുഖം, ഈർപ്പം മാറാത്ത ചുണ്ടുകൾ, ചിരിക്കുമ്പോൾ തെളിയുന്ന ഉളിപ്പല്ലുകൾ, വെളിച്ചമുള്ള കണ്ണുകൾ, ഞരമ്പു മുറുകിയ രോമം തിങ്ങുന്ന കൈത്തണ്ടകൾ. എനിക്ക് അതൊക്കെ മതിയായിരുന്നു അയാൾ സെക്സിയാവാൻ.

നൈസർഗികതയുടെ ആരാധകനായ അവന് കാടായിരുന്നു ഇഷ്ടപ്പെട്ടയിടം. ഞങ്ങളുടെ പങ്കുവെയ്ക്കലിനെ അവൻ മധുവിധു എന്നാണ് വിശേഷിപ്പിച്ചിരുന്നത്. മഴയിൽ, വേനലിൽ, ഇളംതണുപ്പിൽ, മഞ്ഞിൽ, പൂക്കാലത്തിൽ അങ്ങനെ ഋതുക്കൾ മാറി മാറി ഞങ്ങൾ കാടേറി. ഓരോ സമാഗമത്തിലും മരച്ചുവടുകൾ മാറി. പച്ചപ്പുകൾക്കിടയിലൂടെ മനോഹരമായി നുഴഞ്ഞുകയറാനും ഊർന്നിറങ്ങാനും കാട്ടുപൂച്ചയെപ്പോലെ സമർഥനായിരുന്നു ചന്ദ്രമൗലി. അവന്റെ ഓരോ ചലനവും സിംഹത്തിന്റേതുപോലെ ഉഗ്രനുമായിരുന്നു.

കാട്ടുകോഴികളെ കെണിവച്ചുപിടിക്കുക മൗലിയുടെ പ്രിയപ്പെട്ടവിനോദമായിരുന്നു. കോഴികളിരിക്കുന്ന പൊന്തക്കാടുകൾ മൗലി ഒന്നിളക്കിമറിക്കും. പുറത്തുചാടുന്ന കോഴികളെ തളരുംവരെ ഓടിക്കും. ഓടിയോടി തളർന്ന കോഴികളൊടുവിൽ വലക്കെണിയിൽപ്പെടും. അന്നൊക്കെ എനിക്കത് എന്തു രസം പിടിക്കുന്ന കാഴ്ചയായിരുന്നു. മിനിട്ടുകൾക്കുള്ളിൽ ഏതെങ്കിലും കല്ലിടുക്കിലിട്ട് കെണി ഇറച്ചി പാകം ചെയ്തുതിന്നും. മൗലി പാകംചെയ്തെടുക്കുന്ന കെണി ഇറച്ചിക്ക് വല്ലാത്ത രുചിയാണ്. ഞാനതു പറയുമ്പോൾ മൗലി പറയും 'അതാണ് പ്രകൃതിയുടെ രുചി'. ഉളിപ്പല്ലുകൾ കാണുംവിധമുള്ള അവന്റെ ചിരി എന്നെ മയക്കും.

ഒരാഴ്ചയിൽ കൂടുതൽ മൗലിയെ കാണാതെയോ വിളിക്കാതെയോ ഇരുന്നാൽ എന്റെ മനസ്സാകെ ദുർബലപ്പെടും... ശരീരം വിറയ്ക്കും... ആ വീർപ്പുമുട്ടൽ സമനില തെറ്റിക്കും. നാലുവർഷത്തെ ഞങ്ങളുടെ പരിചയത്തിനിടയിൽ വിരളമായേ അത്തരം സന്ദർഭങ്ങൾ ഉണ്ടായിട്ടുള്ളെങ്കിൽപ്പോലും! ഒരു ക്യാമറാമാനായ മൗലിയുടെ ജോലിയുടെ സ്വഭാവംകൊണ്ടു മാത്രമാണത് സംഭവിച്ചതെങ്കിൽപ്പോലും!

കൃഷി ഓഫീസിൽ ക്ലർക്കായ എനിക്ക് അവിടെ കാര്യമായ ജോലിയൊന്നും ഉണ്ടാകാറില്ല. ഉച്ചതിരിഞ്ഞ് മൂന്നു മണിയാകുമ്പോഴേ ഓഫീസിലെല്ലാം കെട്ടിപ്പൂട്ടും. എല്ലാവരും അഞ്ചുമണിയാകാനൊന്നും കാത്തിരിക്കില്ല. നേരത്തെ ഇറങ്ങും, ഞാനുമതേ. ഓഫീസിൽനിന്നും മുക്കാൽ മണിക്കൂർ യാത്രയുണ്ട് വീട്ടിലേക്ക്. ആറുമണിക്കേ വീട്ടിലേക്ക് തിരിക്കൂ. അതുവരെ ഓഫീസിൽ നിന്നേതാണ്ട് മൂന്നൂറ് മീറ്റർ അകലെയുള്ള പീസാഹട്ടിൽ പോയി മൗലിയോട് വർത്തമാനം പറഞ്ഞിരിക്കും. പറഞ്ഞാലും തീരാത്തത്ര വിശേഷങ്ങളുണ്ടാവും ദിവസവും ഞങ്ങൾക്ക്. സംസ്ഥാന സർക്കാരിന്റെ ഒരു കാർഷിക പദ്ധതിയിൽ പ്രോജക്ട് ഇൻവെസ്റ്റിഗേറ്ററായ തന്റെ സുഹൃത്ത് മിഥുനൊപ്പം ഓഫീസിൽ വന്നപ്പോഴാണ് ഞാനാദ്യമായി മൗലിയെ കാണുന്നത്. ആദ്യമായിട്ടാണ് പകിട്ടുള്ള രണ്ടു പേർ ഓഫീസിൽ വരുന്നത്. ദിനംപ്രതി കാണുന്നത് ഒടിഞ്ഞുതൂങ്ങി ഭവ്യതയോടെ നിൽക്കുന്ന കുറെ കർഷകരെയാണ്. ക്യാമറയും തൂക്കിയുള്ള മൗലിയുടെ നിൽപ്പു കണ്ടാൽ ആരുമൊന്ന് ശ്രദ്ധിക്കും. ത്രേസ്യാമ്മ സാറിനെയും വിജയൻ സാറിനെയും സമീപിച്ച മിഥുനെയും മൗലിയെയും പതിവുപോലെ ഇരുകൂട്ടരും കൈയൊഴിഞ്ഞ് എന്റെ അടുക്കലേക്ക് വിടുകയായിരുന്നു. ജൂനിയർ ക്ലർക്കായതുകാരണം ഫയലുകൾ പൊടിതട്ടിയെടുത്ത് ഓരോന്ന് കണ്ടെടുക്കുന്നതുപോലുള്ള പണികളൊക്കെ എന്റെ തലയിലായിരുന്നു.

ഞാൻ അവരെ എന്റെ മുമ്പിലുള്ള കസേരകളിൽ ഇരിക്കാൻ ക്ഷണിച്ചു. ചായ വരുത്തിക്കൊടുത്തു. അവർ ആവശ്യപ്പെട്ട

പ്രകാരം തരിശുപാടങ്ങളുടെ കണക്ക്, അനക്കാതെയും വെളിച്ചമെത്താതെയും ഓഫീസ് മൂലയിലെ അലമാര അടുക്കിൽ അമർന്നിരുന്ന ഫയൽക്കെട്ടുകളിൽ നിന്നും തെരഞ്ഞുപിടിച്ച് ഫോട്ടോ കോപ്പി എടുക്കാൻ നൽകി. അപ്പോഴേക്കും ഓഫീസ് സമയം കഴിഞ്ഞിരുന്നു. പോകാൻ നേരം മിഥുൻ പറഞ്ഞു 'നന്ദി മാഡം, മാഡം ആത്മാർഥമായി ശ്രമിച്ചതുകൊണ്ടാണ് ഈ വിവരം ഞങ്ങൾക്ക് പെട്ടെന്ന് ലഭ്യമായത്'. ഞാൻ ചിരിച്ചു. മൗലിയും എന്റെ നേർക്കൊരു ഹൃദ്യമായ നോട്ടമെത്തിച്ച് ചിരിച്ചു.

'നാളെ രാവിലെ ഞങ്ങൾ വന്നാൽ ഇവിടെ അടുത്തുള്ള കുറച്ചു സൈറ്റുകളിൽ പോകാൻ മാഡത്തിന്റെ സഹായമുണ്ടാകുമോ?' മൗലി ചോദിച്ചു.

' ഉച്ചകഴിഞ്ഞു നോക്കാം...' ഞാൻ ഉറപ്പു നൽകി. മധ്യാഹ്നമായപ്പോഴേ അവർ കാറുമായി വന്നു. കൃഷി ഓഫീസറുടെ അനുവാദം വാങ്ങി ഞാൻ അവർക്കൊപ്പം ചെന്നു. മിഥുൻ പറഞ്ഞതനുസരിച്ച് മൗലി തരിശിടങ്ങളുടെ ചിത്രങ്ങൾ പകർത്തി. ഞാൻ വെള്ളം കയറിക്കിടന്ന പാടത്തൂടെ വള്ളത്തിൽ ചുറ്റി.

"പാടത്തിനു നടുവിൽ കുളിർക്കാറ്റുണ്ടാവും, കൊറ്റികളും" മൗലി വരമ്പിൽ നിന്ന് വിളിച്ചുപറഞ്ഞു. അങ്ങേപ്പാടത്തുനിന്നും കൂട്ടമായി പറന്നുപൊങ്ങിയ വെള്ളക്കൊറ്റികൾ... വെള്ളക്കെട്ടിനെ തൊട്ടുരുമ്മുന്ന മൃദുവെയിൽ... പൂത്തുലഞ്ഞൊഴുകുന്ന ജലപ്പൂക്കൾ... ജലത്തണുപ്പിന്റെ സ്വച്ഛത... എതിർവരമ്പത്തു വെയിൽനാളം തൊട്ട മുഖത്തോടെ എന്നെ പകർത്തുന്ന മൗലി... ആ നിമിഷങ്ങൾ... ഹൊഹ്... അതൊരു പ്രണയസ്ഫുരണമായിരുന്നു.

രണ്ടു ദിവസം കഴിഞ്ഞ് അവർ ഓഫീസിൽ വന്നപ്പോൾ മൗലിയുടെ കൈയിൽ അന്നുപകർത്തിയ എന്റെ ചിത്രവുമുണ്ടായിരുന്നു.

പകുതി വെയിലിലലിഞ്ഞ മുഖത്തേക്ക് നേർത്ത സിന്ദൂര ചുകപ്പിന്റെ നിഴൽ വീണ മനോഹാരിത... 'ആഹാ... എന്തു ഭംഗിയാണിതിൽ എനിക്ക്' എന്റെ ചിത്രത്തിലേക്ക് നോക്കി ഞാൻ അറിയാതെ പറഞ്ഞു. അങ്ങനെയാണ് ഞാൻ മിടുക്കനായ ആ ഫോട്ടോഗ്രാഫറുടെ ആരാധികയായത്. ഓഫീസിൽ വന്നുപോകുമ്പോഴൊക്കെ മിഥുനും മൗലിയും എന്റെ സഹായങ്ങൾക്ക് നന്ദി പറയുകയും പെരുമാറ്റത്തെ പ്രശംസിക്കുകയും ചെയ്തു. ഞാനാണെങ്കിലോ ആയിടെയായി അവരെ പ്രതീക്ഷിച്ചാണ് വെടിപ്പായി ഒരുങ്ങുന്നതും ഓഫീസിൽ സമയത്ത് എത്തുന്നതും അഞ്ചുമണിവരെ അവിടെ ഇരിക്കുന്നതും സ്ഫുടവും സംക്ഷിപ്തവുമായി സംസാരിക്കുന്നതും! അവരുടെ പ്രശംസ എന്നെ മറ്റാരോ ആക്കി... പ്രത്യേകിച്ച് മൗലിയുടെ!

'മാഡം' വിളി ഒഴിവാക്കി സൗമിത എന്നുവിളിച്ചോളാൻ ഞാൻ പറഞ്ഞ വൈകുന്നേരമാണ് മൗലി എന്നെ ആദ്യമായി ചായയ്ക്കു ക്ഷണിച്ചത്. ഒരുമിച്ചുള്ള ഏതാനും ചായസായാഹ്നങ്ങൾക്കു ശേഷമാണ് ഞാനും മൗലിയും പീസാഹട്ടിൽ സ്ഥിരം കൂടിക്കാഴ്ചക്കാരായത്. അതിനുശേഷമാണ് ഞങ്ങൾ ഒരുമിച്ചുള്ള യാത്രകൾ തുടങ്ങിയത്. ആ യാത്രയ്ക്കിടെയാണ് ഞാനയാളിൽ സുരക്ഷിതത്വമനുഭവിച്ചത്. ആ യാത്രയ്ക്കിടെയാണ് ചുറ്റുവട്ടത്തോടുള്ള മിതവും മാന്യവുമായ അയാളുടെ പെരുമാറ്റത്തെ അടുത്തറിഞ്ഞത്... അതിൽ ഞാനയാളോട് അസൂയപ്പെട്ടത്! അങ്ങനെയുള്ള യാത്രകൾക്കിടെയാണ് ഒരിക്കൽ ഉൾക്കാട്ടിലെ ഇലപ്പടർപ്പുക്കൾക്കിടയിൽവച്ച് നട്ടുച്ചയ്ക്ക് കാട്ടരുവിയിൽ നിന്നൊരു കുളികഴിഞ്ഞുവന്ന് ഞങ്ങൾ ശരീരം കൈമാറിയത്. അതിനുശേഷമാണ് മൗലി എനിക്കൊരു ലഹരിയായി മാറിയത്... ഞാനവനോട് വല്ലാതെ വിധേയപ്പെട്ടത്.

പൗഡറിന്റെയോ പെർഫ്യൂമിന്റെയോ ഗന്ധം മൗലി ഇഷ്ടപ്പെട്ടിരുന്നില്ല. 'അതെല്ലാം ക്രിത്രിമമാണ്... സ്വാഭാവിക ഗന്ധം, അതാണ് സൗന്ദര്യം' അവൻ പറയും. എന്റെ ദേഹം മുഴുവൻ വെപ്രാളത്തിൽ  മണത്തുനോക്കുമ്പോൾ ഞാൻ കളിയാക്കും 'നീ ഒരു ഓമന നായ്ക്കുട്ടിയെപ്പോലെയാണ്'.

'ഇപ്പോൾ ഞാൻ നായ്ക്കുട്ടിയാണ്... പിന്നെപ്പിന്നെ സിംഹമാകും...' പതിയെപ്പതിയെ അവന് വേഗവും ക്രൗര്യവും കൈവരും. അപ്പോഴേക്കും എന്റെ കണ്ണിമകളടഞ്ഞു പരിസരബോധമകന്നിരിക്കും.

'ഞാനൊരിക്കലും ഒരു കാട്ടുപോത്താവില്ല' അപ്പോഴവനെന്റെ ചെവിയിൽ മന്ത്രിക്കും.

'കാട്ടുപോത്തിനെന്താ?'

'അതിന്റെ ഇറച്ചിക്ക് രുചിയുണ്ട്... പക്ഷേ, അറപ്പുണ്ടാക്കുന്ന മണവും





സ്വഭാവവുമാണ്. വിളറിപിടിച്ച് ഓടിക്കൊണ്ടിരിക്കും... ഒട്ടും തൃപ്തിയില്ലാതെ...' കാട്ടിൽ മൗലി വെറുക്കുന്ന ഏകജീവി അതാണ്.

അങ്ങനെയിരിക്കവേ കാട്ടിലെ ഞങ്ങളുടെ ഒരു ദിനം... നേർത്ത മഴയ്ക്കു ശേഷമുള്ളൊരു തെളിഞ്ഞ രാത്രി... സുഖകരമായൊരു മൈഥുനത്തിനു ശേഷം ഞങ്ങൾ തീ കാഞ്ഞിരിക്കുമ്പോൾ ഞാൻ മൗലിയോടു ചോദിച്ചു 'എന്നാണ് നമ്മുടെ വിവാഹം?' മൗലി കുറച്ചു നേരം എന്റെ കണ്ണിലേക്ക് നോക്കി ഉളിപ്പല്ലുകൾ കാട്ടി ചിരിച്ചിരുന്നു.

വീട്ടിൽ എന്റെ വിവാഹത്തിന് ഏറ്റവും അനുയോജ്യമായ സമയമായിരുന്നു. ചേച്ചിയുടെ വിവാഹത്തിന്റെ സാമ്പത്തിക ബാധ്യതകളൊക്കെ തീർന്ന് അച്ഛനുമമ്മയും സ്വസ്ഥമായ സമയം. അഞ്ചു വർഷത്തെ എന്റെ ക്ലറിക്കൽ ഉദ്യോഗംകൊണ്ട് നേടിയ നേരിയ ബാങ്കുബാലൻസ്... നാലു വർഷമെത്തിയ പ്രണയം... ഒരു അവിവാഹിതയ്ക്ക് വിവാഹത്തെക്കുറിച്ചാലോചിക്കാൻ ഇതിലും കൂടുതൽ എന്തുവേണം!

'സൗമിതാ പ്രണയത്തെ വിവാഹമെന്ന കൊളുത്തിൽ തൂക്കിക്കൊല്ലണോ?'

'അല്ലാതെ പിന്നെ? വെറും പ്രണയം മരിക്കട്ടെ... വിവാഹാനന്തര ജീവസുറ്റ പ്രണയത്തിൽ ജീവിക്കാം...'

'സൗമിതാ പരസ്പരം ഡിമാന്റുകളില്ലാതെ ജീവിക്കണം... അത് പ്രണയത്തിൽ/സൗഹൃദത്തിൽ മാത്രമേ സംഭവിക്കൂ... ഈ കാട് ഒന്നും ഡിമാന്റുചെയ്യുന്നില്ല. മരങ്ങളോട് പൂക്കാനോ കായിടാനോ പറയുന്നില്ല. അരുവികളോട് ഒഴുകാനോ മൃഗങ്ങളോട് വരാനോ പറയുന്നില്ല... എന്നിട്ടും അതെല്ലാം ഇവിടെ സംഭവിക്കുന്നു... സ്വാഭാവികമായി...'

'ഇങ്ങനെയൊന്നും സംഭവിച്ചില്ലെങ്കിൽ ഇവിടെ കാടു നശിക്കില്ലേ?'

'നശിക്കും... അപ്പോഴും അതും സ്വാഭാവികമാണല്ലോ... പ്രണയവുമതേ... വിവാഹമാകുമ്പോൾ അതിലൊരു ബാഹ്യസമ്മർദമുണ്ട്... ക്രിത്രിമത്വമുണ്ട്...'

'മൗലി എന്താ ഉദ്ദേശിക്കുന്നത്?'

'നമുക്കിങ്ങനെ പ്രണയിച്ചു ജീവിക്കാം...'

'അപ്പോൾ കുടുംബം, കുട്ടികൾ?'

‘ കുട്ടികളും വന്നോട്ടെ നമുക്കിടയിലേക്ക്.’

‘ജീവിതമില്ലാത്തൊരു ജീവിതമാണ് മൗലി ഉദ്ദേശിക്കുന്നത് അല്ലേ...’

‘ജീവിതമെന്നാൽ എന്താണ് നിനക്ക്?’

‘പഠിപ്പ്, ജോലി, കുടുംബം, കുട്ടികൾ...’

‘സൗമിതാ ജീവിതം ഒരു മുൻവിധിയല്ല എനിക്ക്... പ്രവചനങ്ങളും നിഗമനങ്ങളും അസാധ്യമായതെന്തോ അതാണ് ജീവിതം.’

‘പിന്നെ മൗലി എന്തിനാണ് നല്ല വാക്കുകൾ പറഞ്ഞെന്നെ കൂടെക്കൂട്ടിയത്...’

‘നീ നല്ലതു പ്രവർത്തിച്ചതിനാൽ നല്ല വാക്കു പറഞ്ഞു. ഞാൻ വിളിച്ചു നീ വന്നു. ഞാൻ ഒപ്പം കൂടാൻ നിർബന്ധിച്ചില്ല... നീ ഒപ്പം വരില്ലെന്നും നിർബന്ധം പിടിച്ചില്ല...’



‘നിനക്ക് ഞാൻ സെക്സ് മാത്രമാണ് അല്ലേ...’

‘സൗമിതാ സെക്സ് ഒരു അന്വേഷണമാണ്...’

‘എനിക്കങ്ങനെയല്ല...’

‘അതു നിന്റെ കാഴ്ചപ്പാട്... അതനുസരിച്ച് നീ നീങ്ങുക... ഞാൻ എന്റേതനുസരിച്ചും’.

‘നീ ചതിയനാണ്’

‘നീ എന്നെയും ഞാൻ നിന്നെയും ആസ്വദിച്ചു... പരസ്പര സമ്മതത്തോടെ... അതിലെവിടെ ചതി?’

മൗലി എന്റെ തോളിൽ തട്ടി... ഞാൻ കൈ തട്ടി മാറ്റി വെപ്രാളത്തോടെ അയാളുടെ ദേഹം മുഴുവൻ മണത്തു... ◀|

‘ഓഹ് എന്തൊരു നാറ്റം... കാട്ടുപോത്തിനെപ്പോലെ അറപ്പിക്കുന്ന മുശിട്...’

ഞാൻ കാറിത്തുപ്പി... വേഗം ആ മണം വിട്ടോടി. അതിനുശേഷമാണ് ഞാൻ എന്നെ സ്നേഹിക്കാൻ പഠിച്ചത്.



ആലപ്പുഴ ജില്ലയിലെ വി.വി.എച്ച്.എസ്.എസ് കോടംതുരുത്ത് സ്കൂളിൽ നടക്കുന്ന ഹയർ സെക്കൻഡറി തുല്യതാ കോഴ്സിലെ പഠിതാവ് ശ്രീ വിശ്വംഭരൻ കെ.എസിന് തുടർപഠനത്തിനായി പരീക്ഷാഫീസ് അടയ്ക്കുന്നതിനുള്ള ധനസഹായം ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ.ആർ.ദേവദാസ്  കൈമാറുന്നു



കവിത • സൂസൻ ജോഷി

# ആത്മാവിനെ പിടിക്കുന്നവർ



മരം കാത്തിരുന്നു.
കാട്ടിൽ ഒരു ചരിവിൽ
തലയെടുപ്പുള്ള കുറെ
വന്മരങ്ങൾക്കു പിറകിൽ
നിറങ്ങൾ ഒന്നുമില്ലാതെ
പാതി വരണ്ട ദേഹത്ത്
ഉഷ്ണക്കാറ്റ് തീർത്ത വടുക്കളോടെ.

ആ ശിഖരങ്ങളിൽ
എന്തുകൊണ്ടോ
കിളികൾ കൂടുവച്ചില്ല.
ഇലപ്പടർപ്പുകളിൽ നിന്ന്
കളകൂജനങ്ങൾ ഉയർന്നില്ല.

തണൽ മരമാകാനാശിച്ച നേരം
ഇല പൊഴിച്ചും കൊണ്ടു
ശിശിരമെത്തി.
കാറ്റിൽ പടരുന്ന
സുഗന്ധങ്ങൾ കൊതിക്കേ
പൂമൊട്ടുകൾ കരിച്ചു
വരൾച്ച വന്നു.

ഒറ്റപ്പെടലിന്റെ ഓരത്തുനിന്ന്
കൂടിച്ചേരലുകളുടെ പകലുകൾ
കനവ് കണ്ട മരം
ഒരുനാൾ  ഉടലാകെ കൊത്തിപ്പറിയുന്ന
ഒരു വേദനയറിഞ്ഞു.
അവസാനമടുത്തു
എന്ന് കരുതവേ
പെട്ടെന്ന്
ഒരു ചിറകടിയൊച്ച കേട്ടു.

എവിടുന്നോ വന്നെത്തിയ
ഒരു മരംകൊത്തി
ചുണ്ടുകൾ കൊണ്ട്
ആഴങ്ങൾ തുരന്നെടുക്കുന്നു.
ഓരോ കൊത്തും
ഉൾക്കാമ്പിലേക്കിറങ്ങവെ
വിറയാർന്നുണർന്ന മരം
താൻ വെളിപ്പെടുന്നതറിഞ്ഞു.

അകതാരിൽ
കൂടുകൂട്ടിയ മരംകൊത്തി
മരത്തെയറിഞ്ഞു
മരം അവളെയും.

ആത്മഹർഷം പൂക്കളായി
ചില്ലകൾ നിറച്ചു.
ഇലകളിൽ പളുങ്കുമണികൾ ചാർത്തി
വെള്ളിമഴകൾ  പെയ്തു. ◀|





# അമ്പതാം വയസ്സിൽ ക്ലാസ്മുറിയിലേക്ക്

അമ്പതുവയസ്സ് ഒരു മനുഷ്യായുസ്സിന്റെ നിസ്സാരകാലയളവല്ല. ഇതിനിടയിൽ നല്ലതും ചീത്തയുമായ ഒരുപാടോർമകൾ. അതിൽ ചിലത് മനസ്സിൽ തിളങ്ങിനിൽക്കും. എത്രകാലം കഴിഞ്ഞാലും മാഞ്ഞുപോകാതെ, പൊലിമ ചോർന്നുപോകാതെ. മറ്റുചിലത് കാലയവനികയ്ക്കുള്ളിലേക്ക് ആണ്ടുപോകുന്നു. 2016–18 വർഷക്കാലം എന്റെ ജീവിതത്തിലെ തിളക്കമാർന്ന ഒരേടുതന്നെയാണ്. അതെനിക്ക് നേടിത്തന്നത് വിദ്യയാണ്, അറിവാണ്, വെളിച്ചമാണ്. അതണഞ്ഞുപോകാതെ കൂടുതൽ ശോഭയോടെ പൊലിപ്പിക്കേണ്ടത് എന്റെ തന്നെ കടമയാണെന്ന ബോധ്യം എന്നിലുണ്ട്. അറിവില്ലായ്മയുടെ ആഴങ്ങളിൽ കിടന്ന് കൈകാലിട്ടടിച്ച ഞങ്ങളെ അറിവിന്റെ വെളിച്ചത്തിലേക്ക്, ഉയരങ്ങളിലേക്ക് കൈപിടിച്ച് കൂടെ നടന്ന പ്രിയപ്പെട്ട ഗുരുനാഥന്മാർ.

സാക്ഷരതാമിഷന്റെ തുടർവിദ്യാഭ്യാസ പരിപാടി എന്റെ ജീവിതത്തെ മാറ്റിമറിച്ചതെങ്ങനെയെന്ന് ഞാനിവിടെ പറയാം.

ഞാൻ പത്മിനി. 50 വയസ്സ്. ഖാദി തൊഴിലാളിയാണ്. 1985–86 കാലഘട്ടത്തിൽ പത്താംക്ലാസ് പാസ്സായി. അതിനുശേഷം പ്രിഡിഗ്രിക്കുചേർന്നു. എന്നാൽ വീട്ടിലെ സാമ്പത്തിക പ്രശ്നങ്ങൾ കാരണം തുടർന്നുപഠിക്കാൻ സാധിച്ചില്ല. പെൺകുട്ടികൾ അത്രയൊക്കെ പഠിച്ചാൽ മതിയെന്നായിരുന്നു അക്കാലത്തെ സാമൂഹത്തിന്റെ കാഴ്ചപ്പാട്. അതുകൂടിയായപ്പോൾ പഠനം എനിക്കുപേക്ഷിക്കേണ്ടിവന്നു.

ഇതിനിടയിൽ എന്റെ വിവാഹം കഴിഞ്ഞു. രണ്ടുകുഞ്ഞുങ്ങളുമായി. ഭർത്താവിന്റെ കൂടെ ആന്ധ്രയിൽ ഒരു ചെറിയ കാലയളവിൽ താമസിക്കാൻ എനിക്കവസരം കിട്ടി. അവിടെവച്ച് ഞാൻ തമിഴ് പത്രങ്ങങ്ങൾ വായിക്കാനും തെലുങ്ക് കേട്ട് മനസ്സിലാക്കാനും തുടങ്ങി. പഠിക്കാൻ താൽപ്പര്യമുള്ള ഒരു കുട്ടി എന്റെ മനസിൽ എപ്പോഴുമുണ്ടായിരുന്നു. വീണ്ടും നാട്ടിൽവന്ന് ജീവിതോപാധിയായി ഖാദിമേഖല തെരഞ്ഞെടുത്തു. ഖാദി തൊഴിലാളി സംഘടനയുടെ പ്രവർത്തകയായി.

പഠനം മുടങ്ങിയപ്പോഴും വായന ഞാൻ കൈവിട്ടിരുന്നില്ല. ലൈബ്രറികളിൽ നിന്ന് നല്ലപുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാൻ ശ്രമിച്ചു. എവിടെപ്പോയാലും ഞാൻ വാങ്ങുന്ന എക വസ്തു പുസ്തമായിരുന്നു. വായന എന്നെ ചെറിയ തോതിൽ എഴുത്തിലേക്ക് എത്തിച്ചു. കവിതകൾ എഴുതിയിരുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കവിതാരചനാ മത്സരങ്ങൾക്ക് 43 വയസ്സിനുശേഷം ഞാൻ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സാഹിത്യ ക്യാമ്പുകൾക്ക് ഞാൻ പോയിട്ടുണ്ട്. പ്രശസ്തരായ സാഹിത്യകാരന്മാരെയെല്ലാം നേരിൽകാണാനും അവരുടെ സംസാരം കേൾക്കാനും ഭാഗ്യവശാൽ എനിക്കു സാധിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഗാന്ധി സാഹിത്യ സംഗമത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു.

എന്റെ മക്കളെ സ്കൂളിൽ ചേർത്തപ്പോൾ അവരോടൊപ്പം വീണ്ടും പഠിക്കാൻ ശ്രമിച്ചു. അങ്ങിനെ അവർ ഡിഗ്രിയൊക്കെ കഴിഞ്ഞ സമയത്ത് എനിക്കും ഡിഗ്രിയെടുക്കണമെന്ന് തോന്നി. എന്നാൽ ഞാൻ പ്ലസ്ടു (പ്രീഡിഗ്രി) മുഴുമിപ്പിച്ചിരുന്നില്ല. ഈ സങ്കടത്തിലിരിക്കുമ്പോഴാണ് പ്ലസ്ടു തുല്യതാ ക്ലാസിനെക്കുറിച്ചറിയുന്നത്. സാക്ഷരതാമിഷന്റെ പ്ലസ്ടു തുല്യതാ ഫസ്റ്റ് ബാച്ച് അപ്പോഴേക്കും തുടങ്ങിക്കഴിഞ്ഞിരുന്നു. അങ്ങനെ രണ്ടാമത്തെ ബാച്ചിൽ ചേർന്നുപഠിക്കാൻ തീരുമാനിച്ചു. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലാണ് എന്റെ വീട്. അവിടത്തെ പ്രേരക് ലതയെ വിളിച്ചാണ് ഞാൻ രജിസ്ട്രേഷൻ ചെയ്തത്. അതിനുശേഷം പന്തലായനി ബ്ലോക്ക് കോർഡിനേറ്റർ ദീപേച്ചിയെ വിളിച്ച് എന്റെ ആഗ്രഹം അറിയിച്ചു. ഭാഗ്യവശാൽ എന്റെ സർട്ടിഫിക്കറ്റുകൾ ഒന്നും നഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെ ഞാനും സാക്ഷരതാമിഷന്റെ തുടർ വിദ്യാഭ്യാസപരിപാടിയുടെ ഒരു കണ്ണിയായി.

കേട്ടവരൊക്കെ പരിഹസിച്ചു. എനിക്ക് ഭ്രാന്താണെന്നുവരെ പറഞ്ഞവരുണ്ട്. 'ഇനി നിനക്ക് പഠിച്ച് ജോലി കിട്ടുമോ?' അതാണെല്ലാവർക്കും അറിയേണ്ടത്. ആളുകൾ പരസ്പരം പറഞ്ഞു 'ഒരണ കുറവാണെന്ന്'. ഞാനതിനൊന്നും ചെവികൊടുത്തില്ല. എന്റെ ഭർത്താവിനും കുട്ടികൾക്കും സമ്മതമാണ്. പിന്നെ മറ്റുള്ളവരുടെ ജൽപ്പനങ്ങൾ ശ്രദ്ധിക്കേണ്ട ആവശ്യം തന്നെയില്ല.

കൊയിലാണ്ടി ബോയ്സ് സ്കൂളിൽ വെച്ചായിരുന്നു ഞങ്ങൾക്ക് ക്ലാസ് എടുത്തിരുന്നത്. ആദ്യത്തെ ക്ലാസ്സ് എനിക്കിന്നും മനസ്സിൽ തങ്ങിനിൽക്കുന്നു. 2016 സെപ്റ്റംബർ 13 ന് ആയിരുന്നു ആദ്യക്ലാസ്സ്. അന്ന് എന്റെ ഏട്ടന്റെ മകന്റെ വിവാഹസൽക്കാരമായിരുന്നു. രാവിലത്തെ ഹിസ്റ്ററി ക്ലാസിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഉച്ചയ്ക്ക് ഇംഗ്ലീഷ് ക്ലാസിൽ ആണ് ഞാൻ പോയത്. മുപ്പത് വർഷത്തിനുശേഷം വീണ്ടുമൊരു കുട്ടിയായി പഠനത്തിന് പോകുമ്പോഴുള്ള അങ്കലാപ്പുകൾ ചില്ലറയല്ല. ഞാനെത്തുമ്പോൾ ക്ലാസ്സ് നിറയെ പഠിതാക്കളുണ്ട്. എല്ലാം ചെറുപ്പക്കാരാണ്. സുന്ദരന്മാരും സുന്ദരികളും. എന്റെ ചങ്കിടിച്ചു. ഇവരുടെ കൂടെ ഞാനെങ്ങനെ ഇരുന്നു പഠിക്കും.

"ചേച്ചി ഇവിടിരുന്നോ" ക്ലാസ്സിലെ ഫസ്റ്റ് ബെഞ്ചിന്റെ അറ്റത്ത് സീറ്റ് ഒരുക്കി അഭിലാഷ് എന്നെ വിളിച്ചു (പേര് പിന്നീടാണ് മനസ്സിലായത്). അവന് നന്ദി പറഞ്ഞ് അറ്റത്ത് തന്നെ ഞാനിരുന്നു. ഇംഗ്ലീഷെടുത്തത് റഷീദ് പാലേരി എന്ന റിട്ടയേർഡ് അധ്യാപകനാണ്. വല്ലാത്തൊരു പരിഭ്രമം ഉണ്ടായിരുന്നു. വെള്ളക്കാര് നാടുവിട്ട് പോയപോലെതന്നെ എന്റെ മനസ്സിൽ നിന്നും ഇംഗ്ലീഷ് എന്നോ പോയതാണ്. എനിക്ക് വീട്ടിലോ, ഖാദിയിലോ ഇംഗ്ലീഷ് പറയേണ്ട ആവശ്യമില്ല.

സാറ് ക്ലാസ്സിൽ വന്ന് സ്വയം പരിചയപ്പെടുത്തി. അത് ഇംഗ്ലീഷിലായിരുന്നു. തുടർന്ന് ഞങ്ങളോട് ഓരോരുത്തരോടായി മേശയ്ക്കരികിൽ വന്നുനിന്ന് ഇംഗ്ലീഷിൽ പരിചയപ്പെടു

ത്താൻ പറഞ്ഞു. നെഞ്ചിടിച്ച് കാലുംകൈയും വിറയ്ക്കുന്നു, വിയർക്കുന്നു. ആരും എണീറ്റു പോയില്ല. ഒടുവിൽ, മാഷ് എന്നെത്തന്നെ വിളിച്ചു. ഉള്ളൊന്നാളി, ഫസ്റ്റ്ബെഞ്ചിന്റെ അറ്റത്തെ സീറ്റിലേക്ക് അഭിലാഷ് എന്നെ സൽക്കരിച്ചത് എന്തിനാണെന്ന് അപ്പഴാണ് എനിക്ക് മനസ്സിലായത്. വരുന്നത് വരട്ടെ എന്നു കരുതി എന്നാലാവുന്നവിധം ഞാൻ പറഞ്ഞു. സാറ് സഹായിച്ചു. എന്നെ അഭിനന്ദിക്കുകയും ചെയ്തു. പിന്നീടെല്ലാവരും വന്ന് പരിചയപ്പെടുത്തി. അന്നുമുതൽ ആ ക്ലാസ്സിലെ ഒന്നാമൻ എന്ന പദവി എന്നിലേക്ക് എത്തപ്പെടുകയായിരുന്നു.

ഞാൻ പറഞ്ഞല്ലോ, എന്നെ പരിഹസിച്ചവരെപ്പറ്റി. എന്നാൽ എന്നെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിച്ചവരും ഉണ്ടായിരുന്നു. അവരെന്നെ പഠനത്തിന്റെ ലോകത്തേക്ക് എത്താൻ വളരെയധികം സഹായിച്ചു.

ഞങ്ങൾക്ക് മികച്ച അധ്യാപകരെതന്നെ തെരഞ്ഞെടുത്ത് ക്ലാസ്സുകൾ മികവുറ്റതാക്കാൻ പ്രയത്നിച്ച ഞങ്ങളുടെ പ്രിയപ്പെട്ട കോ-ഓർഡിനേറ്റർ ദീപ.എം, അവരോട് ഞങ്ങൾക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. പഠനം മാത്രമല്ല വായനാദിനം, പരിസ്ഥിതിദിനം, ജലദിനം അതുപോലെ തന്നെ ജീവിതശൈലീരോഗങ്ങൾ തുടങ്ങി നിരവധി ക്ലാസ്സുകൾ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. പ്ലസ്ടു തലത്തിലെ ഒരു കുട്ടി എന്തൊക്കെ സ്വായത്തമാക്കുന്നുവോ അതേ നിലവാരത്തിൽ സാക്ഷരതാപഠിതാവിനെയും എത്തിക്കാൻവേണ്ടി ദീപേച്ചി ഒരുപാട് പ്രവർത്തിച്ചിട്ടുണ്ട്.

ഞങ്ങളെ മലയാളം പഠിപ്പിച്ച ഭവാനി ടീച്ചർ റിട്ടയേർഡ് അധ്യാപികയാണ്. ഒരമ്മ കുഞ്ഞിനോടെന്നപോലെയാണ് ടീച്ചർ ഞങ്ങളോട് സംസാരിച്ചത്, സംവദിച്ചത്. ഓരോ പാഠഭാഗങ്ങളും വളരെ വിശദീകരിച്ച്, അതെഴുതിയ ആളെകുറിച്ചൊക്കെ ഞങ്ങളുടെ മനസ്സിൽ ഒരു ചിത്രമുണ്ടാക്കാൻ ടീച്ചർ കഴിവതും ശ്രമിച്ചു. രണ്ടുവർഷവും എനിക്ക് മലയാളത്തിന് 100 ൽ 99 മാർക്ക് കിട്ടി.

കുട്ടിക്കാലത്ത് വളരെ ഉച്ചത്തിൽ വായിച്ചുശീലിച്ച എനിക്ക് വളരെ പ്രയാസമായിരുന്നു മനസിൽ ഉരുവിട്ട് പാഠഭാഗങ്ങൾ പഠിച്ചെടുക്കുക എന്നത്. ടീച്ചർ ഓരോ പാഠം കഴിയുമ്പോഴും അതിലെ സംഗ്രഹം, അപഗ്രഥനം ഇതൊക്കെ എന്നെക്കൊണ്ട് ഉച്ചത്തിൽ വായിപ്പിക്കുമായിരുന്നു. അതെനിക്ക് ഒരനുഗ്രഹമായി. അതുപോലെ കൂടെയുള്ള പഠിതാക്കൾക്കും ഈ വായന ഉപകാരപ്രദമായി എന്ന് അവർ പിന്നീട് പറഞ്ഞു.




പൊളിറ്റ്ക്സ് പഠിപ്പിച്ച സരളടീച്ചർ ഞങ്ങളെ എങ്ങനെയെല്ലാം മുന്നോട്ടു നയിക്കാൻ കഴിയുമോ അത്രയും മുന്നോട്ടേക്ക് എത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. ക്ലാസ്സിലെ ഏറ്റവും ചെറിയ കുട്ടി ഞാനാണെന്നാണ് ടീച്ചറുടെ അഭിപ്രായം. പത്മിനിയുടെ പേരിന്റെ കൂടെ ബി.എ എന്നു ചേർക്കുന്നതിനുവേണ്ടി പഠിക്കണം എന്നും മുന്നോട്ടുള്ള ഒരു ലക്ഷ്യം അതായിരിക്കണമെന്നും ടീച്ചർ എന്നോട് പറയാറുണ്ടായിരുന്നു.

വിവിധ ജാതി, മത, രാഷ്ട്രീയ, സംസ്കാരമുള്ള ഞങ്ങൾ ഒരുമിച്ചിരുന്ന് ചർച്ചകളിലൂടെയും ആശയപരമായ സംവാദങ്ങളിലൂടെയും സമകാലീന ഇന്ത്യൻ രാഷ്ട്രീയവും ലോകരാഷ്ട്രീയവും പഠിച്ചെടുത്തത് ടീച്ചറുടെ നേതൃത്വത്തിലാണെന്നതിൽ വളരെയധികം അഭിമാനം തോന്നുന്നു.

ഇക്കണോമിക്സ് ഞാൻ ഏറ്റവും പേടിച്ച ഒരു വിഷയമായിരുന്നു. എന്നാൽ വലിയ കുഴപ്പമില്ലാതെ മാർക്ക് നേടാൻ ധന്യടീച്ചറുടെ പ്രോത്സാഹനങ്ങൾകൊണ്ട് കഴിഞ്ഞു. പ്രായംകൊണ്ട് എനിക്ക് താഴെയാണെങ്കിലും അധ്യാപിക എന്ന നിലയിൽ എത്രയോ ഉയരത്തിലാണ് ടീച്ചർക്ക് എന്റെ മനസിലുള്ള സ്ഥാനം. തമാശകളും കളിചിരികളുമായി സാമ്പത്തികശാസ്ത്രം പഠിപ്പിക്കാൻ ടീച്ചർക്കല്ലാതെ മറ്റാർക്ക് കഴിയും.

ഒന്നാം വർഷം ഹിസ്റ്ററി പഠിപ്പിച്ച രതിടീച്ചർ, സോഷ്യോളജി പഠിപ്പിച്ച സിജടീച്ചർ എല്ലാവരും ഞങ്ങ ളെ വിജയത്തിന്റെ കൊടുമുടിയിൽ എത്തിക്കാൻ പാടുപെട്ട അധ്യാപികമാർ തന്നെയാണ്. ഓരോ പാഠഭാഗങ്ങൾ കഴിയുമ്പോഴും പരീക്ഷകൾ നടത്തി ഞങ്ങളുടെ മനസ്സിലേക്ക് അതിനെ ഊട്ടിയുറപ്പിക്കാൻ ഇവരെല്ലാം അക്ഷീണം യത്നിച്ചവരാണ്.

രണ്ടാം വർഷം ഹിസ്റ്ററി പഠിപ്പിച്ച സതീഷ്സാർ ചരിത്രപാഠങ്ങളെ ആസ്വാദ്യകരമായ തരത്തിൽ പഠിപ്പിച്ചിരുന്നു. പരീക്ഷാസമയങ്ങളിൽ ഓരോപാഠഭാഗവും ഓരോരുത്തർക്കായി പകുത്തുനൽകുകയും അവരത് വിശദമായി പഠിച്ച് ക്ലാസെടുക്കാനും നോട്ട് തയ്യാറാക്കി മറ്റുള്ളവരിലേക്ക് എത്തിക്കാനും സതീഷ്മാഷ് ശ്രദ്ധിച്ചിരുന്നു. ഞങ്ങളതിൽ വിജയിച്ചു. മാഷിന്റെ ഉദ്യമം സാക്ഷാത്കരിക്കപ്പെട്ടു. ചരിത്രപാഠങ്ങൾ ഞങ്ങൾക്ക് വഴിപ്പെട്ടു. പഠനത്തോടൊപ്പം തന്നെ വിനോദത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഞങ്ങൾക്ക് പങ്കെടുക്കാൻ കഴിഞ്ഞ കലോത്സവങ്ങൾ "ഇനിയുമൊരങ്കത്തിന് ബാല്യമുണ്ട്" എന്ന് വിളിച്ചോതുന്നതായിരുന്നു. അതിലൊക്കെ പങ്കെടുക്കാനും മികവു തെളിയിക്കാനും ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

യാത്രകൾ എന്നും നമുക്ക് ആനന്ദകരമാണ്. എന്നാൽ 'തിരിച്ചു കിട്ടിയ ബാല്യം' എന്നു തോന്നിപ്പിക്കുന്ന ഈ 'കുട്ടിക്കാലത്ത്' പുതിയ പഠിതാക്കളോടൊത്ത് നടത്തിയ പഠനയാത്രകൾ എന്നും മനസ്സിൽ തിളങ്ങിനിൽക്കുന്നവയാണ്. ചരിത്രാധ്യാപകനായ സതീഷ്സാർ, സോഷ്യോളജി പഠിപ്പിച്ച സജിത ടീച്ചർ, ധന്യടീച്ചർ, ദീപേച്ചി, പ്രിയപ്പെട്ട കൂട്ടുകാർ എല്ലാവരും ചേർന്ന് ഞങ്ങൾ വയനാട്ടിലേക്കാണ് പോയത്. ചരിത്രമുറങ്ങുന്ന വയനാട്. പച്ചപ്പുപോലെതന്നെ അത്ഭുതങ്ങൾ നിറഞ്ഞ ഭൂപ്രദേശം. 2018 ലെ പ്രളയം കൃഷി നശിപ്പിച്ച പാടങ്ങൾ, പഴശ്ശിരാജയുടെ സ്മരണകുടീരം, എടക്കൽ ഗുഹ എന്നിങ്ങനെയുള്ള ചരിത്രസ്മാരകങ്ങൾ കാണാനും അവിടങ്ങളിൽ വെച്ച് ചരിത്രാധ്യാപകന്റെ ക്ലാസ് കേൾക്കാനും ഭാഗ്യമുണ്ടായി.

പരീക്ഷകളെ എന്നും പേടിയോടെ കണ്ടിരുന്ന കുട്ടിക്കാലം. എന്നാൽ നീണ്ട ഇടവേളയ്ക്കുശേഷം പരീക്ഷയെഴുതുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥ വിവരണാതീതമാണ്. നിശ്ചിത സമയപരിധിയിൽ എഴുതിത്തീർക്കാൻ കഴിയുമോ എന്ന ആശങ്ക, പഠിച്ചതൊക്കെ ഓർമയിലേക്ക് വരുമോയെന്ന പേടി. എന്റെ അടുത്തിരിക്കുന്ന പ്രഭിത, ഞാൻ പണ്ട് പത്താംക്ലാസിൽ പരീക്ഷയെഴുതുമ്പോൾ ജനിച്ചിട്ടില്ല. കാലങ്ങൾക്കിപ്പുറം ഞാനും പ്രഭിതയും ഒരു ബഞ്ചിലിരുന്ന് പ്ലസ്ടു പരീക്ഷയെഴുതുമ്പോഴുണ്ടാകുന്ന വികാരവിചാരങ്ങൾ, പക്ഷേ, പരീക്ഷകൾ ഒന്നും വിഷമിപ്പിച്ചില്ല. എന്നാൽ ഒന്നാംവർഷം റിസൾട്ട് വന്നപ്പോൾ കരഞ്ഞുപോയി. മലയാളം, പൊളിറ്റിക്സ്, ഹിസ്റ്ററി എന്നിവയ്ക്ക് 100 ൽ 100 കിട്ടുമെന്ന് വിചാരിച്ചതാണ്. എന്നാൽ 99, 75, 84 എന്നിങ്ങനെയാണ് അതിന്റെയൊക്കെ സ്ഥിതി. 1200 ൽ 1002 മാർക്ക് കിട്ടി. എന്നെ സംബന്ധിച്ച് അത് കുഴപ്പമില്ലാത്തതായി എനിക്ക് തോന്നി. കാരണം ഞാനൊരു ഖാദിതൊഴിലാളിയാണ്, വീട്ടമ്മയാണ്, എന്നിട്ടും ഞാൻ ശ്രമിച്ചു, കഷ്ടപ്പെട്ട് പരിഹാസങ്ങളെയെല്ലാം കാറ്റിൽ പറത്തി നേടിയ വിജയം എനിക്ക് വലുതായിരുന്നു. എന്റെ നിശ്ചയദാർഢ്യം, കുടുംബത്തിന്റെ പൂർണപിന്തുണ, ഗുരുക്കന്മാരുടെ അകമഴിഞ്ഞ അനുഗ്രഹം ഇതെല്ലാമാണ് എന്നെ വിജയത്തിലെത്തിച്ചത്.

പ്രായം പഠനത്തെ തടസ്സപ്പെടുത്തുമെന്നും ഒന്നും ഓർമയിൽ നിൽക്കില്ല എന്നുമൊക്കെയുള്ള ധാരണകൾ വെറുതെയാണ്. പഠനം ഇവിടെവച്ച് നിർത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ബി.എ പൊളിറ്റിക്സിനു ചേർന്നു. അതിനുശേഷം എൽ.എൽ.ബി എൻട്രൻസ് എഴുതണം. അങ്ങനെ എന്റെ കുട്ടിക്കാലത്ത് നഷ്ടപ്പെട്ടുപോയ പഠനം എനിക്ക് തിരിച്ചുപിടിക്കണം. നീതിയും ന്യായവും കീറിമുറിച്ച് പഠിക്കാനുള്ള അവസരം നേടിയെടുക്കാൻ വേണ്ടി ഞാൻ പ്രയത്നിക്കും. സർട്ടിഫിക്കറ്റിനുവേണ്ടി ഞങ്ങൾ കാത്തിരിക്കുന്നു.

ഇങ്ങനെയൊരു തിരിച്ചുവരവിനുവേണ്ടി കളമൊരുക്കിയ സാക്ഷരതാമിഷന് എന്റെ അകമഴിഞ്ഞ നന്ദി. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും - പ്രത്യേകിച്ച് കേരള സർക്കാരിനും, സാക്ഷരതാമിഷൻ ഡയറക്ടർക്കും ഞങ്ങളുടെ പുസ്തകങ്ങൾ തയ്യാറാക്കിയ പ്രമുഖരായ അധ്യാപകർക്കും ഞാൻ നന്ദി പറയുന്നു. സാക്ഷരതാമിഷന്റെ കോഴിക്കോട് ജില്ലാപ്രവർത്തകർ, ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തകർ, ഗ്രാമപഞ്ചായത്ത് പ്രവർത്തകർ എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ മികവായി ഞാനെന്റെ വിജയത്തെ കാണുന്നു.

കേവലം ഒരു സർട്ടിഫിക്കറ്റ് എന്നതിലുപരി ഒരു തലമുറയെ നല്ല മനുഷ്യനായി മാറ്റിയെടുക്കാൻ ഉതകുന്ന രീതിയിലാണ് ഞങ്ങളുടെ പുസ്തകങ്ങൾ തയ്യാറാക്കപ്പെട്ടത്. ആ പുസ്തകങ്ങളിലൂടെ ഒരുപാട് തവണ സഞ്ചരിച്ച ഒരാളെന്ന നിലയിൽ ഞാൻ കൃതാർഥയാണ്. ◀|



"വിമർശകൻമാർ ഉന്നയിച്ച വാദമുഖങ്ങളുടെ വെളിച്ചത്തിൽ ഞാൻ എന്റെ ഗ്രന്ഥം പുനഃപരിശോധിച്ചു. കൂടാതെ, ദൈനംദിന രാഷ്ട്രീയപ്രവർത്തനത്തിൽ മുഴുകിയിരിക്കുന്ന ഒരാൾക്ക് ചെയ്യാൻ കഴിവുള്ളിടത്തോളം അധികൃത ചരിത്രഗ്രന്ഥങ്ങൾ പഠിക്കുകയും പണ്ഡിതൻമാരായ സുഹൃത്തുക്കളുമായി ചർച്ച ചെയ്യുകയും ചെയ്തു."




**പുസ്തകപരിചയം** • വി.മാധവൻപിള്ള

# കേരളം മലയാളികളുടെ മാതൃഭൂമി

മുഖവുര

1947–48 ൽ ഒന്നാം പതിപ്പും പിന്നീട് 1964, 1981 എന്നീ വർഷങ്ങളിൽ രണ്ട് – മൂന്ന് പതിപ്പുകളും പ്രസിദ്ധീകരിച്ച ഈ കൃതിയുടെ മുഖ്യഭാഗങ്ങളിൽ യാതൊരു മാറ്റവും വരുത്തേണ്ടതില്ലെന്ന് ഞാൻ കരുതുന്നു. പക്ഷേ, കേരള ചരിത്രത്തെ മാർക്സിസ്റ്റടിസ്ഥാനത്തിൽ പരിശോധിക്കാൻ നാല് പതിറ്റാണ്ടിനുമുമ്പ് ഞാൻ നടത്തിയ ശ്രമം ഇന്നും പ്രസക്തമായി തന്നെ തുടരുന്നു. അതുകൊണ്ടാണ് ഈ മുഖവുര എഴുതുന്നത്.

രണ്ടാം പതിപ്പിനുള്ള മുഖവുരയിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ, ഈ കൃതിയിൽ ഞാൻ അംഗീകരിച്ച സമീപത്തിന് നിശിതമായ വിമർശനങ്ങൾ വരികയുണ്ടായി: "ആര്യൻമാരുടെ വരവിനുമുമ്പ് കേരളത്തിൽ നിലനിന്നിരുന്നതും തെക്കേ ഇന്ത്യയിലാകെ വ്യാപിച്ചുകിടന്നിരുന്ന ദ്രാവിഡ സംസ്കാരത്തിന്റെ ഭാഗവുമായ പ്രാചീന കേരള സംസ്കാരത്തിന്റെ മേന്മയെ ഞാൻ അംഗീകരിക്കുന്നില്ല, നേരെ മറിച്ച്, ആര്യ സംസ്കാരത്തിന്റെ മേന്മയെ പാടിപ്പുകഴ്ത്തുകയാണ് ഞാൻ ചെയ്യുന്നത്" ഇതായിരുന്നു വിമർശനത്തിന്റെ കാതലായ ഭാഗം.




ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ച ഉടൻതന്നെ ആ ഗ്രന്ഥത്തെ വിമർശിച്ചത് അന്തരിച്ച പ്രൊഫ: മുണ്ടശേരിയായിരുന്നു. അദ്ദേഹത്തിന് ഞാൻ മറുപടി പറയുകയും ചെയ്തു.

പിന്നീട്, അന്തരിച്ച പ്രൊഫ: ഇളംകുളം കുഞ്ഞൻപിള്ള അദ്ദേഹത്തിന്റെ നിലപാടിൽ നിന്നുകൊണ്ട് എന്റെ ഗ്രന്ഥത്തെ വിമർശിച്ചു. അതിനുള്ള മറുപടി ഈ ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പിന്റെ മുഖവുരയിൽ കുറിച്ചിരുന്നു.

ഈ അടുത്തയിടെ എന്റെ ചരിത്രവീക്ഷണത്തെയാകെ നിശിതമായി വിമർശിച്ചുകൊണ്ട് ഒന്നിലേറെ ലേഖനങ്ങൾ എം.കെ.കുമാരൻ എഴുതുകയുണ്ടായി.

ഈ വിമർശനങ്ങളിലെല്ലാം തന്നെ ഒരേ ആശയമാണ് അടങ്ങിയിരിക്കുന്നത്; കേരളത്തിലും ഇന്ത്യയിലാകെയും വ്യാപിച്ച് മേധാവിത്വം വഹിച്ചിരുന്നതും ഇന്ന് വേരറ്റ് പോയിട്ടില്ലാത്തതുമായ ബ്രാഹ്മണ സംസ്കാരം തുടക്കം മുതൽ ഒടുക്കം വരെ പിന്തിരിപ്പനായിരുന്നു. എന്നാൽ, അതിൽ പുരോഗമനപരമായ ചില വശങ്ങളുണ്ടെന്ന് സ്ഥാപിച്ചെടുക്കാനാണ് ഞാൻ ശ്രമിക്കുന്നത്.

ഈ വാദഗതിക്ക് ഉപോൽ




ബലകമായി എം.കെ.കുമാരൻ എന്റെ ഈ ഗ്രന്ഥത്തെ അടുത്തകാലത്ത് പുറത്തുവന്ന സർദേശായിയുടെ ഗ്രന്ഥവുമായി താരതമ്യപ്പെടുത്തുന്നത് വലിയൊരു വിരോധാഭാസമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഋഗ്വേദത്തിന്റെ സംസ്കാരം തൊട്ട് ദില്ലിയിലെ മുസ്ലീം ചക്രവർത്തിമാരുടെ ഭരണം തുടങ്ങുന്നതുവരെ ഇന്ത്യയിലുണ്ടായിരുന്ന സാമൂഹ്യ ജീവിതം, സാമ്പത്തിക വളർച്ച, സാംസ്കാരിക പുരോഗതി, ദാർശനികവും ആശയപരവുമായ നിലപാടുകൾ എന്നിവയിലെല്ലാം പുരോഗമനപരവും പിന്തിരിപ്പനുമായ രണ്ട് വശങ്ങൾ ഉണ്ടെന്നും അവ തമ്മിലുള്ള സംഘട്ടനമാണ് ഇന്ത്യാചരിത്രത്തിന്റെ കാതലായ ഭാഗമെന്നും സുദീർഘമായി വിശദീകരിക്കുകയാണ് സർദേശായി ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന് കൊടുത്ത തലക്കെട്ടുതന്നെ അത് ചൂണ്ടിക്കാണിക്കുന്നു. അതേ നിലപാടാണ് എന്റേതും. അതിൽ മൗലികമായ എന്തെങ്കിലും മാറ്റം വരുത്തണമെന്ന് ഇന്നും എനിക്ക് തോന്നുന്നില്ല.

എന്നാൽ, രണ്ടാം പതിപ്പിനുള്ള മുഖവുരയിൽ ചൂണ്ടിക്കാണിച്ചതുപോലെ, "വിമർശകൻമാർ ഉന്നയിച്ച വാദമുഖങ്ങളുടെ വെളിച്ചത്തിൽ ഞാൻ എന്റെ ഗ്രന്ഥം പുനഃപരിശോധിച്ചു. കൂടാതെ, ദൈനംദിന രാഷ്ട്രീയപ്രവർത്തനത്തിൽ മുഴുകിയിരിക്കുന്ന ഒരാൾക്ക് ചെയ്യാൻ കഴിവുള്ളിടത്തോളം അധികൃത ചരിത്രഗ്രന്ഥങ്ങൾ പഠിക്കുകയും പണ്ഡിതൻമാരായ സുഹൃത്തുക്കളുമായി ചർച്ച ചെയ്യുകയും ചെയ്തു."

ഈ പഠനങ്ങളുടെയും ചർച്ചകളുടെയും ഫലമായി എന്റെ ആദ്യധാരണയിൽ വരുത്തിയ തിരുത്തലുകൾ പിന്നീടിറക്കിയ ഈ ഗ്രന്ഥത്തിന്റെ ഒരു പതിപ്പിലും ചേർക്കുകയുണ്ടായില്ല. എന്നാൽ, പിന്നീട് പ്രസിദ്ധീകരിച്ച രണ്ട് ഇംഗ്ലീഷ് കൃതികളിൽ 1951-52 ൽ ഇംഗ്ലീഷിലും 1955 ൽ മലയാളതർജമയായും പ്രസിദ്ധീകരിച്ചത്, 1966 ൽ പ്രസിദ്ധീകരിച്ചതും മലയാളതർജമ ഇല്ലാത്തതുമായ ഇംഗ്ലീഷ്കൃതി എന്നിവയിൽ 1947-48 നുശേഷം ഞാൻ നടത്തിയ പഠനങ്ങളുടെ ഫലം ഉൾക്കൊള്ളിച്ചിരുന്നു.

ഋഗ്വേദത്തിന്റെ സംസ്കാരം തൊട്ട് ദില്ലിയിലെ മുസ്ലീം ചക്രവർത്തിമാരുടെ ഭരണം തുടങ്ങുന്നതുവരെ ഇന്ത്യയിലുണ്ടായിരുന്ന സാമൂഹ്യ ജീവിതം, സാമ്പത്തിക വളർച്ച, സാംസ്കാരിക പുരോഗതി, ദാർശനികവും ആശയപരവുമായ നിലപാടുകൾ എന്നിവയിലെല്ലാം പുരോഗമനപരവും പിന്തിരിപ്പനുമായ രണ്ട് വശങ്ങൾ ഉണ്ടെന്നും അവ തമ്മിലുള്ള സംഘട്ടനമാണ് ഇന്ത്യാചരിത്രത്തിന്റെ കാതലായ ഭാഗം എന്നുമുള്ള സർദേശായിയുടെ നിലപാടിനോട് ഞാനും യോജിക്കുന്നു.






ഈ കൃതികളെക്കുറിച്ച് ധാരാളം വിമർശനങ്ങൾ വരികയുണ്ടായി. അവ പരിഗണിച്ച് വീണ്ടും പരിഷ്കരിച്ച പുതിയ ഇംഗ്ലീഷ് പതിപ്പ് 1984 ൽ പ്രസിദ്ധീകരിച്ചു.

രണ്ടാം പതിപ്പിനുള്ള മുഖവുരയിൽ ചൂണ്ടിക്കാണിച്ചതുപോലെ, തികച്ചും ശൈശവദശയിലിരിക്കുന്ന ഒരു സയൻസാണ് ചരിത്രം - ഇന്ത്യയുടെയും അതിന്റെ ഭാഗമായ കേരളത്തിന്റെയും ചരിത്രം വിശേഷിച്ചും. ഏതാനും വർഷങ്ങൾക്കുമുമ്പുവരെ അനിഷേധ്യമായ ചരിത്ര സത്യമെന്ന നിലക്ക് അംഗീകരിക്കപ്പെട്ടിരുന്ന പലതും തിരസ്കരിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു. മുമ്പൊന്നും ചരിത്ര വിദ്യാർഥികൾക്ക് ഊഹിക്കാൻ പോലും കഴിയാത്ത പലതും ചരിത്ര വസ്തുതകളായി അംഗീകരിക്കേണ്ടിയിരിക്കുന്നു. അതായത്, ചരിത്രപരമായ 'പരമസത്യം' കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു എന്ന സമീപനം അംഗീകരിക്കുന്ന ചരിത്രപണ്ഡിതന്മാരും ചരിത്രവിദ്യാർഥികളും തികച്ചും അശാസ്ത്രീയമായ ഒരു നിലപാടാണ് എടുക്കുന്നത്."

അതായത്, അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സയൻസെന്ന നിലയ്ക്ക് കേരളചരിത്രം പഠിക്കുന്ന ഒരു വിദ്യാർഥിയാണ് ഞാൻ. അപ്പോൾ പ്രശസ്തരായ പല ചരിത്രകാരൻമാരുടെയും നിലപാടിനെ എനിക്കെതിർക്കേണ്ടിവരും. 1947-48 ൽ എഴുതിയ ഈ ഗ്രന്ഥത്തിന്റെ മൂലകൃതിതൊട്ട് പലപ്പോഴും എനിക്കത് ചെയ്യേണ്ടിവന്നിട്ടുണ്ട്. അതേയവസരത്തിൽ, അവരെല്ലാം പുറത്തുകൊണ്ടുവന്ന ചരിത്ര വസ്തുതകൾ ഞാൻ എന്റെ പഠനത്തിനും വിമർശനത്തിനും ആസ്പദമാക്കിയെടുത്തിട്ടുണ്ട്.

"ജന്മികൾ (വിശേഷിച്ച് നമ്പൂതിരിമാർ); ബ്രിട്ടീഷുകാർ; മുഖ്യമായും അബ്രാഹ്മണജാതിയിൽനിന്നും അഹിന്ദുക്കളിൽനിന്നും ഉയർന്നുവന്ന നാടൻ മുതലാളിമാർ എന്ന മൂന്നുവർഗങ്ങളുടേതിൽനിന്ന് വ്യത്യസ്തമായി, തൊഴിലാളിവർഗത്തിന്റെ വീക്ഷണത്തോടുകൂടിയ ചരിത്രവിദ്യാർഥികൾക്ക് അവരുടെയെല്ലാം നേരെ തികച്ചും വിമർശനാത്മകമായ ഒരു നിലപാടംഗീകരിക്കാൻ തയ്യാറാവണം" എന്ന് രണ്ടാം പതിപ്പിനുള്ള മുഖവുരയിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഞാൻ തുടർന്നു:

"മറ്റു ചരിത്രകാരൻമാർ സ്വീകരിക്കുന്ന നിഗമനങ്ങളെയെന്ന പോലെ അവർ ആധാരമായെടുക്കുന്ന വസ്തുതകളെയും നിഗമനങ്ങളെയും കൂടി വിമർശനപരമായി പരിശോധിക്കാൻ തൊഴിലാളിവർഗവീക്ഷണമുള്ള ചരിത്രകാരൻമാർ തയ്യാറാവണം. ഇത്തരത്തിൽ തൊഴിലാളിവർഗ വീക്ഷണത്തോടുകൂടിയ ചരിത്രഗവേഷണം വളർത്താൻ സോഷ്യലിസ്റ്റ് ബുദ്ധിജീവികൾ ശ്രമിക്കുന്നതിന്റെ ആവശ്യം എത്ര ഊന്നിയാലും അധികമാവുകയില്ല."

ഈ വഴിക്കു ഞാൻ നടത്തിയ ശ്രമത്തിന്റെ ആദ്യഫലമാണ് ഇവിടെ നാലാംപതിപ്പായി പ്രസിദ്ധീകരിക്കുന്ന മലയാളത്തിലുള്ള ഈ ഗ്രന്ഥമെങ്കിൽ ഇതേവ

രെത്തെ അവസാന കൃതിയാണ് 1984 ൽ പ്രസിദ്ധീകരിച്ചത്. ഈ അവസാനത്തേതിനെ ആസ്പദമാക്കി ആദ്യകൃതി പരിഷ്കരിക്കുന്ന കാര്യം ഒരു ഘട്ടത്തിൽ ഞാൻ ആലോചിച്ചു. എന്നാൽ, അതുകൊണ്ട് പ്രയോജനത്തെക്കാൾ കൂടുതൽ പ്രയാസങ്ങളാണുണ്ടാവുകയെന്ന് തോന്നുന്നു. എന്തുകൊണ്ടെന്നാൽ, കേരളത്തിലെ വായനക്കാരെ മാത്രം പ്രധാനമായി ഉദ്ദേശിച്ച് എഴുതിയ ഗ്രന്ഥത്തിലെ സവിസ്തരമായ പ്രതിപാദനമല്ല ഇംഗ്ലീഷ് ഗ്രന്ഥത്തിലുള്ളത്. മലയാളകൃതിയിലുൾക്കൊള്ളിച്ച ഇന്നും ആവശ്യമെന്ന് എനിക്ക് തോന്നുന്ന ഒട്ടേറെ വസ്തുതകളും പ്രാമാണിക ചരിത്രകാരൻമാരുടെ അഭിപ്രായങ്ങളും മറ്റും അതിൽ വിട്ടുകളഞ്ഞിട്ടുണ്ട്. ആ ഇംഗ്ലീഷ്കൃതിയിലെ പ്രതിപാദനം ഇവിടെ ആവർത്തിക്കുന്നത് മലയാള വായനക്കാർക്ക് സഹായകരമായിരിക്കുകയില്ല. അതുകൊണ്ട് മൂലകൃതി അതേ രൂപത്തിൽ പുനഃപ്രസിദ്ധീകരിക്കുകയാണ്.


ഇളംകുളം കുഞ്ഞൻപിള്ള


എം.കെ.കുമാരൻ

പക്ഷേ, ആദ്യത്തെ ഇംഗ്ലീഷ് കൃതിയുടെ മലയാള പതിപ്പിനുള്ള മുഖവുരയിൽ ചൂണ്ടിക്കാണിച്ചതുപോലെ, "ആര്യസംസ്കാരവാദികളുടെയും ദ്രാവിഡസംസ്കാരവാദികളുടെയും നിലപാടുകൾ രണ്ടും അശാസ്ത്രീയമാണെന്ന് തെളിയിച്ച് തൊഴിലാളി വർഗത്തിന്റേതായ ചരിത്രവീക്ഷണത്തിന്റെ, ചരിത്രപരമായ ഭൗതികവാദത്തിന്റെ, വെളിച്ചം കേരളചരിത്രത്തിലേക്ക് വീശുന്നതിനുപകരം 'രണ്ടഭിപ്രായഗതികളിലും കുറേ വാസ്തവമുണ്ട്' എന്ന നിലപാടെടുത്ത് രണ്ടിനോടും സന്ധിചെയ്യുകയാണ് (മൂലഗ്രന്ഥത്തിൽ) ഞാൻ ചെയ്തത്. എന്റെ വിമർശകൻമാരാകട്ടെ, എന്റെ യഥാർഥമായ ഈ പരാജയം ചൂണ്ടിക്കാണിക്കുന്നതിനുപകരം എന്നെ ദ്രാവിഡസംസ്കാരവാദികളുടെ ചേരിയിലേക്ക് വലിച്ചിഴയ്ക്കാനാണ് ശ്രമിച്ചത്."

ഈ ഉദ്ധരണി കൊടുത്തതിനുശേഷം രണ്ടാം പതിപ്പിനുള്ള മുഖവുരയിൽ ഞാൻ ഇങ്ങനെ തുടർന്നു. "വടക്കേ ഇന്ത്യയിൽ ആര്യൻമാരുടേതും തെക്കെ ഇന്ത്യയിൽ ദ്രാവിഡൻമാരുടേതുമായ രണ്ടു സംസ്കാരങ്ങൾ കൂടിച്ചേർന്നിട്ടാണ് പ്രാചീന കേരളത്തിന്റെ സംസ്കാരം നിലവിൽ വന്നതാണ് കേരളം ഒന്നാം ഭാഗത്തിന്റെ മൗലികമായ സമീപനം. ഈ രണ്ടു സംസ്കാരങ്ങൾ തമ്മിൽ എന്തുവ്യത്യാസമാണ് മൗലികമായി ഉണ്ടായിരുന്നത്, ആ വ്യത്യാസത്തിനടിസ്ഥാനമായ വസ്തുനിഷ്ഠ സാഹചര്യങ്ങൾ എന്തായിരുന്നു – ഈ പ്രശ്നങ്ങൾ ഉന്നയിക്കുകപോലും ചെയ്തിരുന്നില്ല."

ഈ പ്രശ്നങ്ങൾ ഉന്നയിച്ച് അവയ്ക്ക് സമാധാനം കാണാനുള്ള ശ്രമത്തിലാണ് മുകളിൽ പേരെടുത്തുപറഞ്ഞ മൂന്ന് ഇംഗ്ലീഷ് കൃതികൾ ഞാൻ രചിച്ചത്. അവയിൽ അവസാനത്തേതായ 1984 ലെ ഇംഗ്ലീഷ് കൃതിയിൽ മുൻകൃതികളിലില്ലാത്ത ഒരു പുതിയ അധ്യായം എഴുതിച്ചേർക്കുകയുണ്ടായി. അതിന്റെ തർജമയായ 'ലോകചരിത്രത്തിൽ ഇന്ത്യ' ഈ നാലാംപതിപ്പിന്റെ ആദ്യാധ്യായമായി എഴുതിച്ചേർത്തിട്ടുണ്ട്. മൂലകൃതിയിൽ പരാമർശിക്കാതെ വിട്ടിട്ടുള്ള ലോകചരിത്രവും ഇന്ത്യാചരിത്രവും സംബന്ധിച്ച ഈ അധ്യായം കേരളചരിത്രത്തിലേക്കും വെളിച്ചം വീശും.

എന്തുകൊണ്ടെന്നാൽ, മനുഷ്യസമൂഹമാകെ പുരോഗമിച്ചതിന്റെ ചൂഷകർ, ചൂഷിതർ എന്ന രണ്ടുവിഭാഗങ്ങൾ ആഗോളമായി ജന്മമെടുക്കുകയും രൂപാന്തരം പ്രാപിക്കുകയും ചെയ്തതിന്റെ കഥയാണ് ലോകചരിത്രം. അതുതന്നെ ഇന്ത്യയുടെ സവിശേഷതകൾക്കനുസരിച്ച് ഇവിടെ എങ്ങനെ നടന്നു. ഇന്ത്യയിൽത്തന്നെ പല സവിശേഷതകളുമുള്ള കേരളത്തിൽ എങ്ങനെ നടന്നു– ഈ രീതിയിൽ പരിശോധിക്കാതെ ശാസ്ത്രീയമായ ചരിത്രവീക്ഷണം ഉണ്ടാക്കാൻ വയ്യ. അതിന്റെ അഭാവമാണ് എന്റെ ഇതേവരത്തെ ചരിത്രരചനകളിലെല്ലാം വ്യാപിച്ചു കിടക്കുന്ന ദൗർബല്യം. അതു പരിഹരിക്കാൻ ഇപ്പോൾ ഇതിൽ ചേർക്കുന്ന അധ്യായം പ്രയോജനപ്പെടും.

പ്രൊഫ. മുണ്ടശേരിതൊട്ട് എം.കെ.കുമാരൻ വരെയുള്ള എന്റെ വിമർശകന്മാർ കേരളത്തിലെ ജാതി–ജന്മി–നാടുവാഴിമേധാവിത്വത്തെ– അതിന്റെ ഉയർച്ചയെയും തകർച്ചയെയും



ശാസ്ത്രീയമായിട്ടല്ല വീക്ഷിക്കുന്നത്. പ്രാചീനകാലത്തെ അടിമത്തംതൊട്ട് ആധുനികകാലത്തെ മുതലാളിത്തംവരെ വിവിധ രൂപങ്ങളിൽ നിലവിലിരുന്ന വർഗമേധാവിത്വം– അതിന്റെ ഓരോ രൂപവും – തുടക്കത്തിൽ പുരോഗമനപരമായ പങ്കുവഹിച്ചു. പിന്നീടതിന് പിന്തിരിപ്പൻ ഉള്ളടക്കം വന്നു. അതിന്റെ തകർച്ചയിൽ നിന്ന് പുതുതായ ഒന്നുവന്നു. അക്കൂട്ടത്തിൽ അവസാനത്തെ ചൂഷണവ്യവസ്ഥയാണ് മുതലാളിത്തം. ഈ മാർക്സിസ്റ്റ് വീക്ഷണത്തോടെയല്ല വിവിധ രൂപങ്ങളിലുള്ള വർഗമേധാവിത്വത്തിലൊന്നായ കേരളത്തിലെ ജാതി–ജന്മി–നാടുവാഴിമേധാവിത്വത്തെ അവർ കാണുന്നത്. മുതലാളിത്തം വരെ കേരളത്തിലുണ്ടായിരുന്നത്

ജാതിയെയും മതത്തെയും ആസ്പദമാക്കി ജനങ്ങളെ തമ്മിലടിപ്പിക്കുന്ന ബൂർഷ്വാ– ഭൂപ്രഭു വർഗങ്ങളുടെ താൽപ്പര്യങ്ങൾക്കൊത്ത് ചരിത്രരചന നടത്തുന്ന പണ്ഡിതന്മാർക്ക് നാല് പതിറ്റാണ്ടിന് മുമ്പെന്ന പോലെ ഇന്നും രുചിക്കാത്ത ഒന്നായിരിക്കും ഈ ഗ്രന്ഥം. അതേ കാരണത്താൽ, തൊഴിലാളി–കർഷകാദി ബഹുജനങ്ങൾക്കും അവരെ പ്രതിനിധാനം ചെയ്യുന്ന വായനക്കാർക്കും ഇത് സ്വീകാര്യമായിരിക്കും



മുഴുവൻ തികച്ചും പിന്തിരിപ്പൻ, അവയിൽ പുരോഗമനപരമായി എന്തെങ്കിലും ഉണ്ടെന്നു സൂചിപ്പിക്കുന്നതുപോലും നിഷിദ്ധം – ഇതാണ് അവരുടെ നിലപാട്.

ഇതിന്റെ സ്വാഭാവികഫലമെന്തെന്നോ? ഇന്നത്തെ കേരളത്തിൽ പുരോഗമനപരമായി അംഗീകരിക്കേണ്ട ഒരേ ഒരു ശക്തി ഒന്നുകിൽ അവർണഹിന്ദുക്കളുടേത്; സവർണ ഹിന്ദുക്കളുടേത് പിന്തിരിപ്പനും – ഈ രാഷ്ട്രീയനിലപാടിലേക്ക് അവർ വഴുതിവീഴുന്നു.

ഇതിന് ഇന്നുള്ള ഏറ്റവും വലിയ ഉദാഹരണമാണ് എം.കെ.കുമാരൻ. അവർണഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും സംവരണം കിട്ടലാണ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പുരോഗമനപ്രസ്ഥാനങ്ങളുടെ അവസാന



> ഹൈന്ദവഭ്രാന്തന്മാർ അവകാശപ്പെടുന്നതുപോലെ, "ഇന്ത്യയുടെ മണ്ണിൽ" വളർന്നുവന്നതല്ല ഹൈന്ദവ മതം. അതിന്റെ ഏറ്റവും പുരാതനകൃതിയായ 'ഋഗ്വേദം' രചിച്ചവർപോലും വെളിയിൽ നിന്നു വന്നവരാണ്. മുമ്പ് ഇവിടെ നിലനിന്നിരുന്ന സാമൂഹ്യജീവിതത്തെയും സംസ്കാരത്തെയും നശിപ്പിച്ച് പുതിയവയ്ക്ക് ജന്മം നൽകിയ അവരും ആ അർഥത്തിൽ വിദേശീയർ തന്നെ. അവരുടെ സൃഷ്ടിയാണ് ചാതുർവർണ്യവും ജാതിവ്യവസ്ഥയും.

ലക്ഷ്യം. ജാതി-ജന്മി-നാടുവാഴിമേധാവിത്വത്തിന്റെ യഥാർഥ ശത്രു തൊഴിലാളിവർഗനേതൃത്വത്തിൽ ഉയർന്നുവരുന്ന ബഹുജനസഖ്യമാണെന്നോ, അതിൽ സവർണരും അവർണരും തമ്മിൽ (ഹിന്ദുക്കളും അഹിന്ദുക്കളും തമ്മിലും) ഐക്യം രൂപപ്പെടുത്തലാണ് മുഖ്യകടമയെന്നോ, അതിനുവേണ്ടി സംവരണമടക്കം എല്ലാപ്രശ്നങ്ങളിലും വിവിധ ജാതി-മത വിഭാഗങ്ങളിൽപ്പെട്ട അധ്വാനിക്കുന്ന ബഹുജനങ്ങളെ യോജിപ്പിക്കണമെന്നോ കുമാരന് അഭിപ്രായമില്ല. ഇതാണ് അദ്ദേഹത്തെപ്പോലുള്ളവരും തൊഴിലാളിവർഗരാഷ്ട്രീയക്കാരും തമ്മിലുള്ള വ്യത്യാസം.

ഇതവസാനിപ്പിക്കുന്നതിനുമുമ്പ് അഖിലേന്ത്യാതലത്തിൽ മേധാവിത്വം വഹിക്കുന്ന ഹൈന്ദവഭ്രാന്ത്, കേരളത്തിൽ ഹൈന്ദവത്തോടൊപ്പം അതിന് സമാന്തരമായി വളർന്നുവന്നിട്ടുള്ള ഇസ്ലാമിക-ക്രിസ്ത്യൻ മതഭ്രാന്തുകൾ എന്നിവയെക്കുറിച്ചും ചില കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്.

ഹൈന്ദവഭ്രാന്തന്മാർ അവകാശപ്പെടുന്നതുപോലെ, "ഇന്ത്യയുടെ മണ്ണിൽ" വളർന്നുവന്നതല്ല ഹൈന്ദവമതം. അതിന്റെ ഏറ്റവും പുരാതനകൃതിയായ 'ഋഗ്വേദം' രചിച്ചവർപോലും വെളിയിൽ നിന്നു വന്നവരാണ്. അവർക്കുമുമ്പ് ഇവിടെ ജീവിച്ചിരുന്നവരുമായി ബന്ധപ്പെട്ട് അവരുമായി എല്ലാ മേഖലകളിലും കൊള്ളക്കൊടുക്കലുകൾ നടത്തിയതിനാലാണ് പിന്നീടുള്ള എല്ലാ കൃതികളും







അവർക്ക് രചിക്കാൻ കഴിഞ്ഞത്. മുമ്പ് ഇവിടെ നിലനിന്നിരുന്ന സാമൂഹ്യജീവിതത്തെയും സംസ്കാരത്തെയും നശിപ്പിച്ച് പുതിയവയ്ക്ക് ജന്മം നൽകിയ അവരും ആ അർഥത്തിൽ വിദേശീയർ തന്നെ. അവരുടെ സൃഷ്ടിയാണ് ചാതുർവർണ്യവും ജാതിവ്യവസ്ഥയും.

അതിനുശേഷവും ഇങ്ങോട്ടു കടന്നുവന്ന ക്രിസ്ത്യാനികളും മുസ്ലീങ്ങളുമാകട്ടെ, ഇവിടെ വന്നതിനുശേഷം മുമ്പ് തങ്ങൾക്കുണ്ടായിരുന്ന പല സവിശേഷതകളും വിട്ട് പുതിയ പല സവിശേഷതകളും അംഗീകരിക്കുകയുണ്ടായി. അതായത്, അതിപുരാതനകാലത്ത് ഇവിടെ ജീവിച്ചിരുന്നവർ, പിന്നീടവിടേക്ക് കടന്നുവന്ന് വൈദിക സംസ്കാരവും ഹൈന്ദവസമൂഹവും ഉയർത്തിയവർ, അവരെത്തുടർന്നുവന്ന ഇസ്ലാമിക-ക്രിസ്തീയ സംസ്കാരത്തിന്റെ സ്രഷ്ടാക്കൾ എന്നിവരെല്ലാം ചേർന്നാണ് ഇന്ത്യക്കാർ, അവരുടെ ഭാഗമായ മലയാളികൾ രൂപമെടുത്തത്. ഇങ്ങനെ മൂന്ന് പ്രധാന മതവിഭാഗങ്ങൾ, മറ്റ് കൊച്ചുമതവിഭാഗങ്ങൾ, ജാതികൾ എന്നിവയിൽപ്പെട്ട ഫ്യൂഡൽ പ്രഭുക്കളും മുതലാളിമാരും ഒരുവശത്ത്, അതേ വിഭാഗക്കാരായ തൊഴിലാളി-കർഷകാദി ബഹുജനങ്ങൾ മറുവശത്ത്-ഈ രണ്ട് ചേരികൾ ഉരുത്തിരിഞ്ഞുവരികയാണ്.

ഈ യാഥാർഥ്യം മറച്ചുവച്ച് ജാതിയെയും മതത്തെയും ആസ്പദമാക്കി ജനങ്ങളെ തമ്മിലടിപ്പിക്കുന്ന ബൂർഷ്വാ-ഭൂപ്രഭു വർഗങ്ങളുടെ താൽപ്പര്യങ്ങൾക്കൊത്ത് ചരിത്രരചന നടത്തുന്ന പണ്ഡിതന്മാർക്ക് നാല് പതിറ്റാണ്ടിന് മുമ്പെന്നപോലെ ഇന്നും രുചിക്കാത്ത ഒന്നായിരിക്കും ഈ ഗ്രന്ഥം. അതേ കാരണത്താൽ, തൊഴിലാളി-കർഷകാദി ബഹുജനങ്ങൾക്കും അവരെ പ്രതിനിധാനം ചെയ്യുന്ന വായനക്കാർക്കും ഇത് സ്വീകാര്യമായിരിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്."

"....ചരിത്രപരവും സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായ ഈ പ്രശ്നങ്ങളുടെ ഗൗരവത്തെ മനസ്സിലാക്കുന്നതുകൊണ്ടാണ് കേരളത്തിലെ എല്ലാജനവിഭാഗങ്ങളിൽനിന്നും ഈ ഘട്ടത്തിൽ മലയാളികളുടെ സാധിക്കുന്നത്ര വിശാലമായ ഐക്യം ഉണ്ടാവണമെന്ന ആവശ്യം ഉയർന്നുവരുന്നത്. കഴിഞ്ഞ ജൂൺ (1955) മാസത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാനസമ്മേളനം ചേർന്നപ്പോൾ പാസാക്കിയ പ്രമേയത്തിൽ ഈ പ്രശ്നത്തിന് വ്യക്തമായ രൂപം നൽകപ്പെട്ടു. ജനാധിപത്യപരവും ഐക്യസമ്പൂർണവുമായ പുതിയ കേരളം പടുത്തുയർത്താൻ ആഗ്രഹിക്കുന്ന എല്ലാവരും തന്നെ രാഷ്ട്രീയ അഭിപ്രായവ്യത്യാസമോ മറ്റു പരിഗണനകളോ നോക്കാതെ ഒരുമിച്ചുചേർന്ന് ഒരു ഐക്യമുന്നണിയുണ്ടാക്കണമെന്ന് പ്രമേയം ആവശ്യപ്പെട്ടു. എല്ലാവർക്കും യോജിക്കാവുന്ന ഒരു പരിപാടിയെ പ്രമേയം അവരുടെയെല്ലാം മുമ്പാകെ വെച്ചിട്ടുണ്ട്. ജനങ്ങളുടെ നിലയെ നന്നാക്കാനും സ്റ്റേറ്റിന്റെ വിഭവകേന്ദ്രങ്ങളെ ഉപയോഗിക്കാനും കൂടുതൽ വളർത്തിക്കൊണ്ടുവരാനും അതുവഴി ഭൂദൗർഭിക്ഷത്തിന്റെയും തൊഴിലില്ലായ്മയുടെയും മറ്റും പ്രശ്നങ്ങളെ പരിഹരിക്കാനും ഉള്ള പരിപാടിയാണിത്. ജനാധിപത്യപരമായ ഐശ്വര്യകേരളത്തെ പടുത്തുയർത്തുന്നതിനുള്ള സമരം ചെയ്യാൻ അധികാരത്തിലിരിക്കുന്ന കക്ഷിയുടെ അംഗങ്ങളോടുപോലും പ്രമേയം അഭ്യർഥിച്ചു. പക്ഷേ, പുതിയ കേരളം പടുത്തുയർത്തുന്നതിനുള്ള സമരങ്ങളെല്ലാം തന്നെ അധികാരത്തിലിരിക്കുന്ന കക്ഷി അനുവർത്തിക്കുന്ന നയത്തിനെതിരായതാണെന്നു പ്രമേയം അവരെ ബോധിപ്പിക്കുന്നു. കാരണം, അധ്വാനിക്കുന്ന ജനതയുടെ ഭാരം വർധിപ്പിക്കുകയും മുതലാളിമാർ തൊഴിലാളികളെയും ജന്മിമാർ കൃഷിക്കാരെയും ലാഭക്കൊതിയരായ കച്ചവടക്കാർ ഉപയോക്താക്കളെയും ചൂഷണം ചെയ്യുന്നത് അധികരിപ്പിക്കുകയും ചെയ്യുന്ന ഒരു നയമാണ് അവരുടേത്. ഈ നയത്തെ പരാജയപ്പെടുത്തുന്നതിൽക്കൂടി മാത്രമേ കേരളത്തിലെ സാധാരണ ജനങ്ങൾക്ക്, കേരളത്തിന്റെ ഏകീകരണത്തിനുവേണ്ടി വളരെക്കാലമായി അവർ നടത്തിയ സമരത്തിന്റെ വിജയഫലങ്ങൾ ആസ്വദിക്കാൻ കഴിയുകയുള്ളൂ.

കേരളത്തിലുടനീളമുള്ള സാധാരണജനതയെ വളരെയേറെ സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ അലട്ടുന്നുണ്ട്. ഭക്ഷണധാന്യങ്ങൾക്ക് ഈയിടെയുണ്ടായ വിലവർധനവ് മറ്റേതു സ്റ്റേറ്റിനെക്കാളുമേറെ ബാധിച്ചതു കേരളത്തെയാണ്. കാരണം ഇന്ത്യയിലെ മറ്റേതു സ്റ്റേറ്റിലും കാണാത്തത്ര ഭക്ഷണകമ്മി ഇവിടെയാണുള്ളത്. കേരളത്തിലെ ജനങ്ങൾ തൊഴിലില്ലായ്മ കൊണ്ടും വിഷമിക്കുന്നുണ്ട്. ഇക്കാര്യത്തിലും പ്രശ്നം മറ്റേതിടത്തേക്കാളുമേറെ ഇവിടെയാണു കൊടുമ്പിരികൊള്ളുന്നത്. മറ്റു സംസ്ഥാനങ്ങളിൽ വളരെയേറെ ചെറുതും വലുതുമായ ജലസേചനപദ്ധതികളും കാർഷിക വ്യാവസായിക വികസനസ്കീമുകളും നടപ്പാക്കപ്പെടുന്ന അതേയവസരത്തിൽ കേരളത്തിലെ പദ്ധതികൾ എണ്ണംകൊണ്ടും വലുപ്പംകൊണ്ടും ചെറുതാണെന്നതിലും അവർക്കു വിഷമമുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ തങ്ങൾക്കു നേരിടേണ്ട പ്രശ്നങ്ങളിൽ ചിലത് രാജ്യത്തിൽ മറ്റേതിടത്തെക്കാളും വലുതായ അതേയവസരത്തിൽ തന്നെ പ്രശ്നപരിഹാരത്തിനുള്ള വഴികൾ മറ്റേതിടത്തേക്കാളും കുറവാണെന്ന കാര്യം കേരളീയരെ അലട്ടുന്നുണ്ട്. ◀|

# ജല്ലിക്കെട്ട് എന്ന ലിജോ മാജിക്ക്



‘അതു നോക്കടാ ഊവേ, ദേ ലവന്മാര് രണ്ടുകാലിൽ ഓടുന്നുണ്ടേലും മൃഗമാ മൃഗം...’ ഹൈറേഞ്ചിലെ കുടിയേറ്റ ഗ്രാമത്തിലെ പേരില്ലാത്ത കഥാപാത്രത്തിന്റെ ഈ സംഭാഷണത്തിലുണ്ട് ലിജോ ജോസ് പെല്ലിശ്ശേരിയുടെ ജല്ലിക്കെട്ട് എന്ന സിനിമ. എത്ര മാത്രം പരിഷ്ക്കൃതനെന്ന് പറയുമ്പൊഴും ശിലായുഗമനുഷ്യന്റെ കീഴടക്കൽ ത്വര ഉള്ളിൽ സൂക്ഷിക്കുന്നവനാണ് ആധുനിക മനുഷ്യൻ. ഇരയെ വേട്ടയാടിപ്പിടിക്കാനുള്ള ഔത്സുക്യവും കീഴ്പ്പെടുത്തലിൽ അനുഭവിക്കുന്ന അതിയായ ആനന്ദവും ആരാര് ശക്തനെന്ന സംശയത്തിൽ അതിശക്തന്റെ അതിജീവിക്കലുമെല്ലാം ശിലായുഗ കാലത്തും ഇന്നും ഒരു പോലെയാണ്.

കശാപ്പും പോത്തിറച്ചിയും ജീവിതത്തിന്റെ ഭാഗമായ ഒരു മലയോര കുടിയേറ്റ ക്രിസ്ത്യൻ ഭൂരിപക്ഷ ഗ്രാമത്തിലെ പ്രധാന അറവുദിനമായ ഞായറാഴ്ച പുലർകാലേ കശാപ്പിനിടെ ഇറങ്ങിയോടുന്ന അറവുജീവിയെ പിടിക്കാനുള്ള ഗ്രാമവാസികളുടെ നെട്ടോട്ടമാണ് നേർക്കാഴ്ചയിൽ ജല്ലിക്കെട്ട് എന്ന സിനിമ. എന്നാൽ സിനിമയെന്ന ആർട്ട് ഫോമിന്റെ സാധ്യതകളും വിതാനവും വലുതാക്കാൻ തന്റെ സിനിമ ഉപയോഗിക്കുന്ന ലിജോ ജോസ് പെല്ലിശ്ശേരിയെന്ന കണ്ടംപററി മാസ്റ്റർ ജല്ലിക്കെട്ടിലൂടെ തരുന്നത് വേറൊരുതരം ഉൾക്കാഴ്ചയാണ്. മലയാള സിനിമയിൽ ലോക സിനിമ കണ്ടെത്തുന്ന സംവിധായകൻ ജല്ലിക്കെട്ട് പോലെയൊരു സിനിമയിലൂടെ പുതിയൊരു കാഴ്ച സംസ്കാരത്തിലേക്ക് മലയാളി സിനിമാസ്വാദകരെ ക്ഷണിക്കുന്നു. അത് മലയാളി കണ്ടുശീലിച്ചിട്ടുള്ളൊരു സിനിമാസ്വാദനമേ അല്ല.



ജല്ലിക്കെട്ട് കണ്ടുകൊണ്ടിരിക്കെ അതുവരെ മലയാളം സിനിമാ ഇൻഡസ്ട്രിയിൽ വെള്ളിയാഴ്ചകളിൽ റിലീസ് ചെയ്യുന്ന സ്ഥിരം ജോണർ അല്ലല്ലോ ഇതെന്ന തോന്നലാണ് കാണിയിലുണ്ടാകുക. ഒരുവേള ഏതെങ്കിലുമൊരു അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ കാണിയാണെന്ന തോന്നലിലും അയാൾ അകപ്പെടും. ജല്ലിക്കെട്ട് പോലുള്ള സിനിമകൾ സംഭവിക്കുന്നത് മലയാളത്തിന്റെ ഭാഗ്യമാണ്. ഇതുപോലെ വേറൊരു തരം ആസ്വാദനം സാധ്യമാകുന്നതിലൂടെ സിനിമയുടെ ആകെ വിതാനം തന്നെ മാറ്റപ്പെടുകയും അത്തരം തുടർച്ചകൾ സംഭവിക്കുകയും ചെയ്യും. അത് സിനിമയുടെ കഥ തേടലിനെ മുതൽ ആവിഷ്കാരത്തെയാകെ മാറ്റിമറിക്കാനും മതി.

സിനിമയെന്നത് സംവിധായകന്റെ കലയാണെന്നും അഭിനേതാക്കളും സാങ്കേതിക പ്രവർത്തകരുമടക്കമുള്ള മറ്റെല്ലാം സംവി






ധായകന്റെ റോ മെറ്റീരിയൽസ് ആണെന്നുമാണ് ലിജോ പെല്ലിശ്ശേരിയുടെ മതം. നായകനിൽ തുടങ്ങി ഡബിൾ ബാരലിലും ആമേനിലും അങ്കമാലി ഡയറീസിലും ഈ.മ.യൗവിലും തുടരുന്ന ലിജോ മേക്കിംഗ് സ്കൂളിന്റെ അൾട്ടിമേറ്റ് ആയി ജെല്ലിക്കെട്ടിനെ കാണാം. കാണികൾക്ക് ഏറ്റവും പുതിയ സിനിമ നൽകുന്നതിൽ സദാ ശ്രദ്ധാലുവാണയാൾ. പൂർവ മാതൃകകളൊന്നും അയാളെ ബാധിക്കുന്നേയില്ല. നിലനിൽക്കുന്ന സിനിമയെ മറികടന്ന് പുതിയതായി എന്തെങ്കിലും ചെയ്യുകയെന്ന ചിന്തയിൽ സേഫ്സോൺ മേക്കിംഗ് രീതികളെ അപ്പാടെ മറികടന്ന് നൂതന പരീക്ഷണങ്ങൾക്ക് മുതിരാൻ ലിജോ ശ്രമിക്കുന്നു. ഇത്തരം പരീക്ഷണങ്ങളാണ് അയാളുടെ ഓരോ സിനിമയും. ഡബിൾ ബാരൽ പോലുള്ള സിനിമകളിൽ ലിജോ പരീക്ഷിച്ച ഇത്തരം ചിന്തകൾക്കൊപ്പം വളരാൻ അന്ന് മലയാളി ആസ്വാദകർ പരിശീലിക്കാതിരുന്നത് ആ സിനിമയുടെ വാണിജ്യ പരാജയമായി ഭവിച്ചെങ്കിൽ ആമേനും അങ്കമാലി ഡയറീസും എത്തിയപ്പോഴേക്കും കാണികൾ ലിജോയെ തിരിച്ചറിഞ്ഞു കഴിഞ്ഞിരുന്നു. ഈ.മ.യൗവിൽ കുറേക്കൂടി ഉയരത്തിൽ ലിജോയെ കാണികൾ പ്രതിഷ്ഠിച്ചു. ജല്ലിക്കെട്ടിലെ പരീക്ഷണം കണ്ട് കാണികൾ അന്താളിക്കാത്തതും അതിനെ ലോക നിലവാരത്തിൽ പ്രതിഷ്ഠിക്കുന്നതും ലിജോ ജോസ് പെല്ലിശ്ശേരിയെന്ന സംവിധായകനിലെ പരീക്ഷണങ്ങളെ തിരിച്ചറിയുന്നൊരു വിഭാഗം കാണികൾ കാലുറപ്പിച്ചു കഴിഞ്ഞുവെന്നതിന്റെ സൂചനയാണ്. സിനിമയേക്കാൾ ഉയരത്തിൽ സംവിധായകൻ എത്തിനിൽക്കുന്നതും നായക സ്ഥാനത്ത് കാണികൾ സംവിധായകനെ പ്രതിഷ്ഠിക്കുകയും ചെയ്യുന്ന കാഴ്ചയാണ് ജല്ലിക്കെട്ടിന്റെ തിയേറ്റർ റിലീസ് വേളയിൽ കണ്ടത്.

ജല്ലിക്കെട്ട് പൂർണമായും സംവിധായകന്റെ മാത്രം സിനിമയാണ്. സിനിമയിൽ ചിരി പടർത്തുന്നതു പോലും സംഭാഷണങ്ങളെക്കാൾ ദൃശ്യങ്ങളിൽ നിന്നാണ്. രാത്രിദൃശ്യങ്ങളും ചടുലമായ ക്യാമറാ ചലനവും അതിനോട് ഇഴചേരുന്ന ശബ്ദസംഗീത വിന്യാസവുമാണ് ജല്ലിക്കെട്ടിന്റെ മേക്കിംഗിലെ സൗന്ദര്യം. ലിജോ സിനിമകളിലെ സ്ഥിരം പേരുകാരായ ഗിരീഷ് ഗംഗാധരനും പ്രശാന്ത് പിള്ളയുമാണ് ഇതിൽ സംവിധായകന്റെ ഉള്ളറിഞ്ഞ് പരമാവധി മികവ് പുറത്തെടുത്തിട്ടുള്ളത്. ഇരുട്ടും കാടും നിറഞ്ഞ പശ്ചാത്തലത്തിൽ സാഹസികം എന്നു വിശേഷിപ്പിക്കാവുന്നതാണ് പല ഷോട്ടുകളും.

എസ്.ഹരീഷിന്റെ മാവോയിസ്റ്റ് എന്ന കഥയുടെ മൂലാംശം മാത്രം സ്വീകരിച്ച് പൂർണമായി സംവിധായകന്റെ ഇച്ഛയ്ക്കനുസരിച്ച് പാകപ്പെടുത്തുന്ന ഒരു സിനിമയായി മാറുകയാണ് ജല്ലിക്കെട്ട്.◀|

**ഒരുവേള ഏതെങ്കിലുമൊരു അന്താരാഷ്ട്ര ചലച്ചിത്ര മേളയിലെ കാണിയാണെന്ന തോന്നലിൽ പ്രേക്ഷകൻ അകപ്പെടും. ജല്ലിക്കെട്ട് പോലുള്ള സിനിമകൾ സംഭവിക്കുന്നത് മലയാളത്തിന്റെ ഭാഗ്യമാണ്. ഇതുപോലെ വേറൊരുതരം ആസ്വാദനം സാധ്യമാകുന്നതിലൂടെ സിനിമയുടെ ആകെ വിതാനം തന്നെ മാറ്റപ്പെടുകയും അത്തരം തുടർച്ചകൾ സംഭവിക്കുകയും ചെയ്യും. അത് സിനിമയുടെ കഥതേടലിനെ മുതൽ ആവിഷ്കാരത്തെയാകെ മാറ്റിമറിക്കാനും മതി.**





യാത്ര • എസ് മുഹമ്മദ് റാഫി
പത്താംതരം തുല്യതാ പഠിതാവ്
പുതുനഗരം, പാലക്കാട്



# മറക്കാനാവാത്ത യാത്രാനുഭവങ്ങൾ

അന്നൊരു ശനിയാഴ്ചയായിരുന്നു. പുലർച്ചെ അഞ്ചുമണിക്ക് അലാറം അലറി വിളിച്ചപ്പോൾ ഞാൻ പെട്ടെന്ന് ഞെട്ടിയുണർന്നു. എന്നും അലാറംവച്ച് കിടന്ന് കാലത്ത് ഏഴുമണിക്ക് അലാറം അടിക്കുമ്പോൾ പുതപ്പിനടിയിലേക്ക് ഒന്നുകൂടി ചുരുണ്ടുകിടക്കുന്ന ഞാൻ തലേദിവസം വളരെ വൈകി കിടന്നിട്ടും കൃത്യസമയത്ത് ഉണർന്നിരിക്കുന്നു. അന്നത്തെ പ്രഭാതത്തിന് എന്തെല്ലാമോ പ്രത്യേകതകൾ ഉള്ളപോലെ എനിക്ക് തോന്നി. കിളികളുടെ കലപില ശബ്ദത്തിനും മുറ്റത്തെ തൊഴുത്തിൽ കെട്ടിയിരിക്കുന്ന പശുവിന്റെ കരച്ചിലിനും എന്തോ ശബ്ദമാധുര്യമുള്ളപോലെയുണ്ട്. മുറ്റത്തെ കൊച്ചുപൂന്തോട്ടത്തിലെ പൂക്കൾ എന്നെ നോക്കി ചിരിക്കുന്നതുപോലെ തോന്നി.

ഞാൻ ഒട്ടും സമയം പാഴാക്കാതെ പ്രഭാത കൃത്യങ്ങൾ തിടുക്കത്തിൽ ചെയ്തുതീർക്കുമ്പോഴേക്കും ശ്രീമതി കോഫിയുമായി വന്നു. ഞാൻ അതുവാങ്ങി വേഗത്തിൽ കുടിച്ചു. കോഫിക്ക് വല്ലാത്ത ചൂട്. ഞാൻ പുറത്തേക്ക് ഇറങ്ങാൻ തുടങ്ങുമ്പോൾ ശ്രീമതിയുടെ വിളി. 'എന്തെങ്കിലും കഴിച്ചിട്ട് പോയാൽ പോരെ'? ഞാൻ സ്നേഹത്തോടെ നിരസിച്ചു. തിടുക്കത്തിൽ എന്റെ ബൈക്ക് സ്റ്റാർട്ടുചെയ്ത് സുഹൃത്ത് ബാബുവിന്റെ വീട് ലക്ഷ്യംവച്ച് നീങ്ങി.












സമയം ഏറെ വൈകിയിരിക്കുന്നു. ബാബു എന്നോട് പിണങ്ങുമോ എന്നോർത്ത് എന്നത്തേതിലും കൂടുതൽ സ്പീഡിൽ ബൈക്ക് ഓടിച്ചു. 12 കിലോമീറ്റർ ഞാൻ എങ്ങനെ പിന്നിട്ടു എന്ന് എനിക്ക് ഒരു നിശ്ചയവുമുണ്ടായിരുന്നില്ല.

ബാബുവിന്റെ വീട്ടിൽ എത്തുമ്പോൾ പൂമുഖത്ത് തന്നെ എന്നെ പ്രതീക്ഷിച്ച് ബാബു നിൽക്കുന്നുണ്ടായിരുന്നു. ഞാൻ ബൈക്ക് നിർത്തി വീട്ടിനകത്തേക്ക് കയറാൻ തുടങ്ങുമ്പോഴേക്കും ബാബു കാറിന്റെ കീയുമായി എന്റെ അടുത്തേക്ക് വന്നു. 'വളരെ വൈകിയിരിക്കുന്നു, നമുക്ക് ഉടനെ ഇറങ്ങാം' എന്നു പറഞ്ഞു.

ഞാൻ ആ കീ വാങ്ങി അവന്റെ അംബാസിഡർ കാർ പോർച്ചിൽനിന്നും പുറത്തിറക്കി. സമയം കളയാതെ ബാബു കാറിൽ കയറി. തലേദിവസം ഞങ്ങൾ തീരുമാനിച്ചുറപ്പിച്ച പോലെ മൈസൂരിലേക്ക് യാത്ര പുറപ്പെട്ടു. ഞങ്ങൾക്ക് രണ്ടുപേർക്കും എന്തെന്നില്ലാത്ത സന്തോഷമായിരുന്നു. അങ്ങനെ വാളയാർ വഴി കോയമ്പത്തൂരെത്തി. അവിടെ നല്ലൊരു ഹോട്ടലിൽ പ്രാതൽ കഴിച്ചു. ഞങ്ങൾ വീണ്ടും യാത്രതുടർന്നു. മൈസൂർക്കുള്ള യാത്രയിൽ ആദ്യം സത്യമംഗലത്ത് എത്തി. അവിടെ നിന്നും ചായ കുടിച്ച് കുറച്ച് സ്നാക്സും വാങ്ങി വശ്യസുന്ദരമായ കാഴ്ചകൾ കണ്ട് യാത്ര തുടർന്നു. പ്രകൃതിക്ക് ഇത്രയും ഭംഗിയുണ്ടെന്ന് ആ യാത്ര ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നു. ഇടതൂർന്ന കൊടുംകാട്. ഇടയ്ക്കെങ്ങും ഭക്ഷണം കഴിക്കാൻ ഒരു കടപോലും കാണുന്നില്ല. ഞങ്ങൾ നേരത്തെ കരുതിയിരുന്ന സ്നാക്സ് കഴിച്ച് വിശപ്പിന് ശമനമുണ്ടാക്കി. വെയിലിന് വല്ലാത്ത ചൂട് ഉണ്ടെങ്കിലും വൻമരങ്ങളുടെ തണൽ അതിനെ നിർവീര്യമാക്കുന്നുണ്ടായിരുന്നു.

ദിവസവുമുള്ള ജീവിതയാത്രയിൽ നിന്ന് തികച്ചും വേറിട്ടൊരു യാത്ര ഞങ്ങൾക്ക് രണ്ടുപേർക്കും വളരെ ഇഷ്ടപ്പെട്ടു. ആ യാത്ര ഇന്നും എന്റെ ഓർമയുടെ ഏടിൽ കുറിച്ചുവച്ചിട്ടുണ്ട്. മറക്കാനാവാത്ത ഒരു അനുഭവമായി ഇന്നും എന്റെ മനസ്സിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

അങ്ങനെ 4 മണിക്ക് ചാമരാജ് നഗർ എന്ന കർണാടകയിലുള്ള ഒരു നഗരത്തിൽ എത്തിച്ചേർന്നു. അവിടെ പണ്ടത്തെ രാജഭരണകാലത്തുള്ള കടകമ്പോളങ്ങളും പാർപ്പിടങ്ങളുമെല്ലാമുണ്ട്. രാജഭരണകാലത്തെ കെട്ടിടങ്ങളെല്ലാം അതേപോലെ നിലനിർത്തിയിരിക്കുന്നു. ഇന്നത്തെ നഗരങ്ങളുടെ ഒരു മോഡിയുമില്ല. കുറേ നേരത്തെ അന്വേഷണത്തിനൊടുവിൽ ഞങ്ങൾ ഒരു ഹോട്ടൽ കണ്ടുപിടിച്ചു. നാലുമണിയായിട്ടും അവിടെ ഉച്ചഭക്ഷണം ഉണ്ടായിരുന്നു. തണുത്ത ചോറും കറികളും; ഒന്നിനും ഒരു രുചിയുമുണ്ടായിരുന്നില്ല.

നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ട് ഭക്ഷണം മുഴുവനും അകത്താക്കി. വീണ്ടും യാത്ര തുടർന്നു. ആറുമണിയായപ്പോൾ മൈസൂരിലെത്തി. ആദ്യം ചാമുണ്ഡേശ്വരി മലയിൽ കയറി അമ്പലവും പരിസരവും കണ്ടു. നല്ല പ്രകൃതിരമണീയമായ സ്ഥലം. ശനിയാഴ്ചയായതുകൊണ്ട് ഉല്ലാസയാത്രക്കാരുടെ തിരക്ക് ഉണ്ടായിരുന്നു. അരമണിക്കൂർ അവിടെ ചെലവഴിച്ചശേഷം ഞങ്ങൾ സിറ്റി ലക്ഷ്യം വെച്ച് യാത്രതുടർന്നു. നഗരത്തിലെ പ്രമുഖ ഹോട്ടലിൽ മുറിയെടുത്ത് ഭക്ഷണം കഴിച്ച് കിടന്നു. ദിവസവുമുള്ള ജീവിതയാത്രയിൽ നിന്ന് തികച്ചും വേറിട്ടൊരു യാത്ര ഞങ്ങൾക്ക് രണ്ടുപേർക്കും വളരെ ഇഷ്ടപ്പെട്ടു. യാത്രാക്ഷീണവും ഹോട്ടലിലെ ഒരടി ഉയരമുള്ള കുഷ്യൻ കിടക്കയും ഞങ്ങളെ പെട്ടെന്നുതന്നെ ഉറക്കത്തിലേക്ക് കൊണ്ടുപോയി. കൃത്യം ഏഴുമണിക്കുതന്നെ അലാറം ഞങ്ങളെ വിളിച്ചുണർത്തി.

പ്രഭാതകൃത്യങ്ങൾ സാവധാനം കഴിഞ്ഞ് എട്ടുമണിയോടെ മുറിവിട്ട് പുറത്തിറങ്ങി. ആദ്യം 19 കി.മീ അകലെയുള്ള വൃന്ദാവൻ ഗാർഡനിലേക്ക് യാത്രതിരിച്ചു. അരമണിക്കൂർ കൊണ്ട് വൃന്ദാവനിലെത്തി. പൂന്തോട്ടം മുഴുവൻ നടന്നുകണ്ടു. കൃഷ്ണസാഗർ അണക്കെട്ടും കണ്ടു. വളരെയധികം കേട്ടിട്ടുള്ള വൃന്ദാവൻ

ഗാർഡൻ മനോഹരമായിത്തന്നെ നിലനിർത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നെത്തിയ ധാരാളം വിനോദയാത്രാ സംഘങ്ങളെ അവിടെ കണ്ടു. വിട്ടുപോരാൻ തോന്നാത്തതരത്തിലുള്ള വശ്യസുന്ദരമായ കാഴ്ചകളാണ് അവിടെ ഉണ്ടായിരുന്നത്. എന്നിരുന്നാലും ഇനിയുള്ള കാഴ്ചകൾ കാണണമെങ്കിൽ അവിടെനിന്നും യാത്ര തിരിച്ചേ പറ്റൂ. മൈസൂർ രാജാവിന്റെ കൊട്ടാരം ലക്ഷ്യം വച്ച് യാത്ര തുടർന്നു. നഗരത്തിന്റെ ഹൃദയഭാഗത്ത് തന്നെയായിരുന്നു കൊട്ടാരം. നൂറ്റാണ്ടുകൾക്കുമുൻപ് പണിതീർത്ത കൊട്ടാരത്തിന് ഇപ്പോഴും സമാനതകളില്ലാത്ത ഭംഗിയാണുള്ളത്.

കൊട്ടാരം മുഴുവനും നടന്നു കണ്ടശേഷം അടുത്തുള്ള കാഴ്ചബംഗ്ലാവിലേക്ക് പോയി. ഏക്കറുകളോളം പരന്നുകിടക്കുന്ന സ്ഥലത്താണ് മൃഗശാല സ്ഥിതിചെയ്യുന്നത്. അതിനകത്തേക്ക് കയറിയപ്പോൾ വന്യമൃഗങ്ങളുടെ കൊടുംവനത്തിൽ എത്തിച്ചേർന്ന പ്രതീതി.

വന്യമൃഗങ്ങൾ സ്വതന്ത്രമായി വിലസുന്നു. ഓരോ വർഗത്തിൽപ്പെട്ട മൃഗങ്ങൾക്കും ഏക്കർ കണക്കിന് സ്ഥലമാണ് നീക്കിവെച്ചിട്ടുള്ളത്. അതുമുഴുവൻ കറങ്ങി കാണുമ്പോഴേക്കും എന്റെ കാലുകൾ കുഴഞ്ഞുപോയി. കുറച്ച് വെള്ളം കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചുപോയി. എങ്ങനെയെല്ലാമോ മുൻവശത്തെ കവാടത്തിനടുത്തെത്തിയപ്പോഴാണ് വെള്ളം കിട്ടിയത്. അവിടെ നിന്ന് ചായ കുടിയും കഴിഞ്ഞ് നേരെ ടിപ്പു സുൽത്താന്റെ സമാധി സ്ഥലത്തേക്ക് പോയി.

അവിടെ ചരിത്ര മുഹൂർത്തങ്ങളാണ് ഉണ്ടായിരുന്നത്. ഒരുകൂട്ടം യാത്രക്കാരെയും കൊണ്ട് ഒരു ഗൈഡ് വന്നിട്ടുണ്ടായിരുന്നു. അവരുടെ കൂടെ കൂടി ഗൈഡിനോട് എല്ലാം ചോദിച്ചു മനസ്സിലാക്കി. അപ്പോഴേക്കും സമയം രണ്ട് മണിയാവാറായിരിക്കുന്നു. നേരെ മൈസൂർക്ക് യാത്ര പുറപ്പെട്ടു. അവിടെ നല്ല ഒരു ഹോട്ടലിൽ നിന്നും ഊണും കഴിച്ച് ഞങ്ങളുടെ കാറിൽ ഫുൾ ഇന്ധനവും നിറച്ച് ഊട്ടി ലക്ഷ്യമായി യാത്ര തുടർന്നു. കാനനപാതയിലൂടെയുള്ള യാത്ര എനിക്കും ബാബുവിനും നന്നെ ഇഷ്ടപ്പെട്ടു. ഇടയ്ക്ക് വന്യമൃഗങ്ങളെയും കണ്ട് യാത്ര തുടർന്നു.

അങ്ങനെ ബന്ദിപ്പൂർ വനമേഖലയിൽ എത്തി. അവിടെ ആന സവാരിയും കഴിഞ്ഞ് ഊട്ടിയിലേക്ക് യാത്രതുടർന്നു. നാലഞ്ച് കിലോമീറ്റർ പിന്നിട്ടതേയുള്ളൂ. അതാ റോഡിന്റെ ഇടതുവശത്ത് റോഡരികിൽ ഒരു കൂറ്റൻ ആന. ഞങ്ങൾ ഏതാണ്ട് 150 മീറ്റർ അടുത്ത് എത്തി. ആന ഞങ്ങളെ നോക്കി കണ്ണെടുക്കാതെ നിൽക്കുകയാണ്. ഞാനും ബാബുവും ഭയന്നുവിറച്ചുപോയി. ബാബുവിന് മൂത്രശങ്കവരെയുണ്ടായി. എപ്പോൾ വേണമെങ്കിലും എന്തും നടക്കുമെന്നുള്ള ഭീകരാന്തരീക്ഷം. ഞങ്ങളും ആനയും മാത്രം നേർക്കുനേർ... ഏതാണ്ട് അരമണിക്കൂറോളം ആ നിൽപ്പ് തുടർന്നു.

ആ സമയത്ത് അതുവഴി കടന്നുവന്ന ലോറിയാണ് ഞങ്ങൾക്ക് രക്ഷകനായത്. ലോറി ഞങ്ങളുടെ അടുത്തുകൂടി മുന്നിലേക്കുനീങ്ങി. തൊട്ടുപിന്നിൽ ഞങ്ങളും അപ്പോളാണ് മനസ്സിലായത് ആനയെ അവിടെ ഒരു മരത്തിൽ ബന്ധിച്ചിരിക്കുകയാണെന്ന്. ആ ലോറിയുടെ പിന്നിൽത്തന്നെ ഞങ്ങൾ യാത്രതുടർന്നു. ഊട്ടി എത്തിയപ്പോഴാണ് ആ പേടി ഞങ്ങളെ വിട്ടുമാറിയത്.

അന്ന് രാത്രി ഊട്ടിയിൽ താമസിച്ചു. പിറ്റേന്ന് കാലത്ത് എണീറ്റ് ഊട്ടിയിൽ ചില പ്രധാനപ്പെട്ട സ്ഥലങ്ങൾ കണ്ടു. ഉച്ചയോടെ വീട്ടിലേക്ക് തിരിച്ചു. ഞങ്ങൾക്ക് പറ്റിയ അമളി ദിവസങ്ങൾക്കുശേഷം വീട്ടിലും കൂട്ടുകാരെയും അറിയിച്ചു. ആ യാത്ര ഇന്നും എന്റെ ഓർമയുടെ ഏടിൽ കുറിച്ചുവച്ചിട്ടുണ്ട്. മറക്കാനാവാത്ത ഒരു അനുഭവമായി ഇന്നും എന്റെ മനസ്സിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ◀|











ഡൽഹിയിൽ വച്ചുനടന്ന ലോക സാക്ഷരതാ ദിനാഘോഷ ചടങ്ങിൽ നിന്ന്



**Aksharakairali Monthly**
"Registered" RNI. No. KERMAL/2003/10577

Issue 4 Volume 15. Published November 2019
Price ₹ 15




Edited, printed, published & Owned by Dr. P.S.Sreekala, Director, Kerala State Literacy Mission Authority, Thiruvananthapuram.
Printed at Color Track, Thiruvananthapuram.
Editor : Dr. P.S.Sreekala